പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 31          30-06-2010-ന് വാങ്മൂലം മറുപടിയ്ക്ക്

## പോലീസ് സേനാംഗങ്ങൾക്കായുള്ള സഹായനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. രാജൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. പള്ളിപ്രം ബാലൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾക്കായി സഹായനിധി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾക്കായി "ഡ്യൂട്ടി ഹസാർഡ്സ് വിക്ടിംസ് റിലീഫ് ഫണ്ട് " എന്ന പേരിൽ ഒരു സഹായനിധി രൂപീകരിക്കാനുള്ള കരട് നിർദ്ദേശം പരിഗണനയിലുണ്ട്. |
| (ബി) ഈ സഹായനിധിയിൽ നിന്നും ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) പോലീസുദ്യോഗസ്ഥൻമാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ, അപകടങ്ങൾ എന്നിവയെ തുടർന്നുള്ള ചികിത്സയ്ക്കായിട്ടാണ് ഈ സഹായനിധിയിൽനിന്നും സഹായം ചെയ്യാൻ കരട് രേഖയിൽ ശുപാർശ ചെയ്യുന്നത്. |
| (സി) മറ്റ് ഏതെങ്കിലും വിഭാഗങ്ങളെ കൂടി ഈ സഹായനിധിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം വിഭാഗങ്ങൾ ? | (സി) പോലീസ് സേനാംഗങ്ങളെ കൂടാതെ എക്സൈസ്/ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് എന്നീ വകുപ്പുകളിലെ സേനാംഗങ്ങളെക്കൂടി ഈ സഹായനിധിയിൽ അംഗങ്ങളാക്കുന്ന കാര്യം പരിഗണനയിലുണ്ട് . |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 32 30-06-2010-ന് വാങ്മൂലം മറുപടിയ്ക്ക്

കലാലയങ്ങളുടെ സമാധാനപൂർണ്ണമായ നടത്തിപ്പിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ :<br>ശ്രീ. കെ. സി. ജോസഫ് :<br>ശ്രീ. കെ. സദാശിവൻ നായർ :<br>ശ്രീ. എം. എ. വാഹിദ് : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കലാലയങ്ങളുടെ സമാധാനപൂർണ്ണമായ നടത്തിപ്പിന് സംരക്ഷണം നൽകണമെന്ന കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്നതായ പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത കോടതി നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ നടപടി കൈക്കൊള്ളുമോ ? | (എ) & (ബി) ബഹു: കേരള ഹൈക്കോടതി കാലാകാലങ്ങളിൽ നൽകിയ നിർദ്ദേശങ്ങൾ കേരളാ പോലീസ് നടപ്പിലാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 33 30.06 .2010 ൽ മറുപടിയ്ക്ക്

<u>സംസ്ഥാനത്തെ തീരദേശ സംരക്ഷണം ശക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തീരദേശ സംരക്ഷണം ശക്തമാക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ആദ്യഘട്ടമായി എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ നീണ്ടകര, അഴീക്കോട്, വിഴിഞ്ഞം, ബേപ്പൂർ എന്നീ തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ടി പോലീസ് സ്റ്റേഷനു കളിൽ നിന്ന് ദിവസവും കടലിൽ സുരക്ഷാ പട്രോളിംഗ് നടത്തി വരുന്നു. തീരദേശ സുരക്ഷ ശക്തമാക്കുന്നതിൻെറ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ കടലോര ജാഗ്രതാ സമിതികൾ രൂപീകരി ച്ചിട്ടുണ്ട്. നാവിക സേന, കോസ്റ്റ് ഗാർഡ്, പോലീസ് എന്നിവയുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനവും, തീരദേശ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി വിവരങ്ങൾ കൈമാറുന്ന തിനും വേണ്ട ക്രമീകരണങ്ങൾ നടപ്പിൽ വന്നു കഴിഞ്ഞിട്ടുണ്ട്.ഇവരുടെ പ്രവർത്തന ങ്ങൾ നിരീക്ഷിക്കുന്നതിനും ആവ ശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്ന തിനും സംസ്ഥാന തലത്തിൽ സംസ്ഥാന കോ - ഓർഡിനേഷൻ കമ്മറ്റിയും, ജില്ലാതല ത്തിൽ ജില്ലാ തല കോ - ഓർഡിനേഷൻ കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| ബി) ഇതിനായി കേന്ദ്ര സർക്കാരിൻെറ എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത് ; | ബി) കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച എട്ട് തീരദേശ പോലീസ് |

സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി ഓരോ പോലീസ് സ്റ്റേഷനും 24.70 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ തീരദേശ പട്രോളിംഗ് നടത്തുന്നതിനായി അനുവദിച്ചിട്ടുള്ള ഓരോ പന്ത്രണ്ട് (12) ടൺ ബോട്ടിനും പ്രതിമാസം 4 ലക്ഷം രൂപവീതവും ഓരോ അഞ്ച് (5) ടൺ ബോട്ടിന് 3 ലക്ഷം രൂപ വീതവും പി. എൽ. ഒ. ചാർജ്ജ് ആയി റീഇംബേഴ്സ് ചെയ്യു തരാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്.

| | |
|---|---|
| സി) സംസ്ഥാനത്ത് എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട് ; അവയിൽ എത്രയെണ്ണം പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ടെന്ന് അറിയിക്കുമോ ; | സി) സംസ്ഥാനത്തിന് ആദ്യ ഘട്ടത്തിൽഎട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. അവയിൽ നാല് തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. |
| ഡി) തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് കടലിൽ റോന്തു ചുറ്റുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | ഡി) ഉണ്ട്. |
| ഇ) തീരദേശ പോലീസ് സ്റ്റേഷനുകളെ കേന്ദ്രീകരിച്ച് കടലോര ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ; | ഇ) നാളിതുവരെ 74 കടലോര ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| എഫ്) ജാഗ്രതാ സമിതിയുടെ ചുമതലകൾ എന്തെല്ലാമാണ് ? | എഫ്) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

*അനുബന്ധം*

## കടലോര ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനായി, തീരദേശ പ്രവർത്തനങ്ങളെക്കുറിച്ച് ജാഗ്രതാ സമിതി പ്രവർത്തകർ നിതാന്ത ജാഗ്രത പുലർത്തേണ്ടതാണ്. കടലിലും കായലിലും പ്രവർത്തിക്കുന്ന മത്സ്യബന്ധനയാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ യാനങ്ങളെയും നിരീക്ഷിക്കേണ്ടതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ യാനങ്ങളും ഫിഷറീസ്/പോർട്ട് വകുപ്പിൽ രജിസ്ററർ ചെയ്യേണ്ടതും, രജിസ്ട്രേഷൻ/ലൈസൻസ് എന്നിവയുടെ കോപ്പി യാനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ രജിസ്ട്രേഷൻ നമ്പർ നിശ്ചിത വലിപ്പത്തിൽ യാനത്തിൽ പ്രദർശിപ്പിക്കണം. ഇതിനു വിപരീതമായി കാണുന്നതും സംശയകരമായ രീതിയിലുള്ളതുമായ യാനങ്ങളെക്കുറിച്ചുള്ള വിവരം ജാഗ്രതാ സമിതി പ്രവർത്തകർ ബന്ധപ്പെട്ട പോലീസ് സ്റേറഷനിൽ അറിയിക്കേണ്ടതാണ്.

ബോട്ടുകളിലും മററ് യാനങ്ങളിലും ജോലിചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് ഫോട്ടോ ഐഡന്റിററി കാർഡ് നൽകേണ്ടതാണ്. ഐഡന്റിറ്റി കാർഡ് ഫിഷറീസ് വകുപ്പിൽനിന്നും ലഭിക്കുന്നതുവരെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ലഭിച്ച ഫോട്ടോ പതിപ്പിച്ച പാസ്സ് ബുക്കിന്റെ കോപ്പികൾ സൂക്ഷിക്കേണ്ടതാണ്. ഇതിന് വിപരീതമായി കാണുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം ജാഗ്രതാ സമിതി പ്രവർത്തകർ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

അപരിചിതരായ ആളുകൾ, ബോട്ടുകൾ, സംശയകരമായ ചരക്കു നീക്കങ്ങൾ എന്നിവ ജാഗ്രതാ സമിതി അംഗങ്ങൾ നിരീക്ഷിക്കേണ്ടതാണ്.

→

തീരദേശ കടലിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും സംശയകരമായ സംഗതികളെ സംബന്ധിച്ച് പ്രവർത്തകർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിവ് നൽകേണ്ടതുമാണ്.

കടലിൽ ഉണ്ടാകുന്ന അപകടങ്ങൾ, സുനാമിപോലുള്ള പ്രകൃതിക്ഷോഭം മുതലായ ഘട്ടങ്ങളിൽ അടിയന്തിര സഹായം നൽകുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും ജാഗ്രതാ സമിതികൾ മുൻപന്തിയിൽ നിൽക്കേണ്ടതാണ്. അതിനുള്ള പരിശീലനം റവന്യൂ വകുപ്പിന്റെ 'ഡിസാസ്റ്റർ മാനേജ്മെന്റ്' വിഭാഗം മുഖേന നൽകുന്നതാണ്.

ട്രോളിംഗ് നിരോധനം നിലവിലുള്ള ഓഫ് സീസണിൽ മത്സ്യത്തൊഴിലാളികൾക്ക് തീരദേശ സുരക്ഷയെ സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണ ക്ലാസുകളും മററു പരിശീലന പരിപാടികളും ഏർപ്പെടുത്തുന്നതാണ്.

സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖങ്ങളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും മതിയായ സുരക്ഷ ഏർപ്പെടുത്തുന്നതാണ്. സുരക്ഷാ ക്രമീകരണങ്ങളിലും അവയുടെ പ്രവർത്തനങ്ങളിലും പോരായ്മകളോ വീഴ്ചകളോ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ജാഗ്രതാ സമിതി അംഗങ്ങൾ ആ വിവരം ഫിഷറീസ്-പോലീസ്-തുറമുഖ വകുപ്പ് അധികാരികളെ അറിയിക്കേണ്ടതാണ്.

ജാഗ്രതാ സമിതി അംഗങ്ങൾക്ക് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ട് ഫോട്ടോ പതിച്ച ഒരു തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്. എന്നാൽ ഈ കാർഡ് മുഖേന അവർക്ക് യാതൊരുവിധ പോലീസ് അധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ല.

ജാഗ്രതാ സമിതിയിലെ എല്ലാ അംഗങ്ങളുടെയും മൊബൈൽ ഫോൺ നമ്പരുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും അവർക്ക് പോലീസുമായി ബന്ധപ്പെടേണ്ട നമ്പരുകൾ സമിതി അംഗങ്ങളുടെ പക്കലും ഉണ്ടായിരിക്കേണ്ടതാണ്. പോലീസുമായുള്ള വാർത്താവിനിമയത്തിനാവശ്യമായ ടോൾഫ്രീ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഡി. ജി. പി. നടപ്പിലാക്കേണ്ടതാണ്.

തീരദേശ സുരക്ഷയെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ നൽകുകയും സുരക്ഷാ സേനയുടെ പ്രവർത്തനത്തെ സഹായിക്കുകയും ചെയ്യുന്ന തീരദേശ ജാഗ്രതാ സമിതിയിലെ അംഗങ്ങൾക്ക് സർക്കാർതലത്തിൽ അംഗീകാരവും പാരിതോഷികവും നൽകുന്നതാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 34

30.06.2010-ൽ മറുപടിയ്ക്ക്

## നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ:<br>ശ്രീ.എസ്. രാജേന്ദ്രൻ:<br>ശ്രീ. സാജു പോൾ:<br>ശ്രീ.വി. ശശികുമാർ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ. നഗരതൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ. നഗരതൊഴിലുറപ്പ് പദ്ധതിയുടെ കരട് സ്കീം സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി. പദ്ധതിയിൽ ഏതെല്ലാം പ്രവർത്തികൾക്കാണ് മുൻഗണന നൽകുന്നതെന്ന് വ്യക്തമാക്കുമോ ; | ബി. പരിഗണനയിലുള്ള കരട് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികൾ താഴെപ്പറയുന്നവയാണ്.<br>1. ജലസംരക്ഷണവും മഴകൊയ്ത്തും.<br>2. വനസംരക്ഷണവും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലും.<br>3. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികൾ ഉൾപ്പെടെയുള്ള ജലസേചന തോടുകൾ.<br>4. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെയും ചെറുകിട നാമമാത്ര കർഷകരുടെയും ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ.<br>5. കുളങ്ങൾ വൃത്തിയാക്കൽ, ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.<br>6. ഭൂവികസനം.<br>7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും ഇതര സംരക്ഷണ പ്രവർത്തനങ്ങളും.<br>8. ബി.എസ്.യു.പി./ഐ.എച്ച്.എസ്.ഡി.പി./ കെ.എസ്.യു.ഡി.പി. പദ്ധതികളുടെ ഭാഗമായി വികസന പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകളിലെ അനുബന്ധ പ്രവൃത്തികൾ.<br>9. കോളനി നവീകരണ പ്രവൃത്തികൾ.<br>10. പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവർത്തികൾ. |

| | | | |
|---|---|---|---|
| സി. | പദ്ധതിയിൽ അംഗമാകുന്നവരുടെ രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും എന്നത്തേക്ക് ആരംഭിക്കുമെന്ന് വിശദമാക്കുമോ ; | സി. | രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. |
| ഡി. | പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | ഡി. | പദ്ധതി പ്രവർത്തനം ആരംഭിച്ച ശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

8

# പതിമൂന്നാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 35 — 30-6-2010-ൽ മറുപടിക്ക്

### കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതിൽ അഴിമതി ഇല്ലാതാക്കാൻ നടപടി

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :

(എ) കോർപ്പറേഷൻ പരിധിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിൽ അഴിമതി ഇല്ലാതാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി)

(എ) വാസഗൃഹങ്ങളുടെ പെർമിറ്റ് ലഭിക്കുന്നതിന് വൺഡേ പെർമിറ്റ് സംവിധാനം നിലവിലുണ്ട്. അപേക്ഷിക്കുന്ന തീയതിയുടെ അടിസ്ഥാനത്തിൽ, അപേക്ഷകൾ മുൻഗണനാക്രമത്തിൽ തന്നെ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭകളിൽ പെർമിറ്റ് കൊടുക്കുന്ന അധികാരം താഴെ തട്ടിലേയ്ക്ക് (കോർപ്പറേഷൻ എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ) വികേന്ദ്രീകരിച്ച് നൽകിയിട്ടുണ്ട്. പെർമിറ്റ് നൽകുന്ന അപേക്ഷകളുടെ വിവരങ്ങൾ നോട്ടീസ് ബോർഡിൽ

| | | | |
|---|---|---|---|
| | | | പ്രവർത്തിപ്പിക്കണമെന്ന നിർദ്ദേശം നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ അപേക്ഷകൾ കമ്പ്യൂട്ടറൈസ്ഡ് ഫെയ്ത് ഓൺ ലൈൻ സംവിധാനത്തിൽ കൂടി സമർപ്പിക്കുന്നത് പൊതുജനങ്ങൾക്ക് അവരുടെ ഫയലിന്റെ തൽസ്ഥിതി മനസ്സിലാക്കുന്നതിന് സഹായിക്കും.<br><br>ഇതുസംബന്ധിച്ചു ലഭിക്കുന്ന പരാതികൾ പരിശോധിച്ച് കർശനനടപടികൾ എടുത്തു വരുന്നുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണ പ്ലാനും അപേക്ഷയും ഓൺലൈനിൽ നൽകുന്നതിന് ഏതെല്ലാം കോർപ്പറേഷനുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | തിരുവനന്തപുരം നഗരസഭയിലെ 35 വാർഡുകളിൽ ഈ സംവിധാനം 2010 ജനുവരി 15 ന് നിലവിൽ വന്നു. ബാക്കി കോർപ്പറേഷനുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത സംവിധാനം ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) | ടി സംവിധാനം ഫലപ്രദമാണ് എന്ന് തിരുവനന്തപുരം കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് 24-6-2010 നു ലഭിച്ച റിപ്പോർട്ടിൽ നിന്നും ഓൺലൈൻ സംവിധാനത്തിലൂടെ നാളിതു |

വരെ 1231 ഫയലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും, അതിൽ നിയമവിധേയമല്ലാത്ത 575 ഫയലുകൾ തിരസ്കരിച്ചിട്ടുണ്ടെന്നും, 310 എണ്ണം തീർപ്പാക്കി അനുമതി നൽകിയിട്ടുണ്ടെന്നും 277 ഫയലുകൾ അപേക്ഷകർ പ്ലാൻ സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ, നഗര ഗ്രാമാസൂത്രണ വകുപ്പിലേയ്ക്ക് 40 ഓളം ഫയലുകൾ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുള്ളതായും, ബാക്കിയുള്ള 29 ഫയലുകൾ വിവിധതലത്തിൽ പരിശോധിച്ചു വരുന്നുവെന്നും വ്യക്തമാക്കിയിരിക്കുന്നു. പൊതുജനങ്ങൾക്ക് അവരുടെ ഫയലിന്റെ തൽസ്ഥിതി വെബ്സൈറ്റിലൂടെ അറിയുവാൻ സാധിക്കും. നഗരസഭയിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഫയലിന്റെ വിവരങ്ങൾ അറിയുവാനും, ഏത് ഉദ്യോഗസ്ഥന്റെ പക്കലാണ് ഫയൽ എന്ന് അറിയുവാനും സാധിക്കും.

നിയമാനുസൃതമല്ലാത്ത പ്ലാനുകൾ ഓൺലൈൻ വഴി കിട്ടുമ്പോൾ തന്നെ തിരസ്കരിക്കുന്നതിനാൽ അത്തരം ഫയലുകൾ നഗരസഭയിലേക്ക് എത്തുന്നില്ല. ഇതുമൂലം നിയമാനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്ത

| | | | |
|---|---|---|---|
| | | | ങ്ങൾ ഒരു പരിധിവരെ തടയുവാൻ സാധിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് ഏതൊരു അംഗീകൃത ലൈസൻസ്ഡ് എഞ്ചിനീയർ/ ആർക്കിടെക്ട്/ഡിസൈനർ/സൂപ്പർവൈസർ എന്നിവരുടെ സഹായത്തോടെ കുറഞ്ഞ ചെലവിൽ പ്ലാൻ ഓൺലൈൻ ആയി അപ് ലോഡ് ചെയ്യാം. കൂടാതെ പ്ലാൻ തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ കാര്യക്ഷമമായും ലളിതമായും ചെയ്യാൻ സാധിക്കും. |
| (ഡി) | മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് കമ്പ്യൂട്ടർ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ടോയെന്ന് അറിയിക്കുമോ ; | (ഡി) | ഘട്ടം ഘട്ടമായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള കമ്പ്യൂട്ടറൈസേഷൻ സംവിധാനം നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ഇ) | അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമം ലംഘിച്ച് നിർമ്മാണം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ എന്നറിയിക്കുമോ ? | (ഇ) | കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 157 - പ്രകാരം അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും, റിപ്പോർട്ട് നൽകുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടങ്ങിയ ജില്ലാ തല വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് 4/9/2009 തീയതിയിൽ സ. ഉ. (എം. എസ്) നം. 154/09/തസ്വഭവ എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. |

കൂടാതെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സർക്കാരും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

/

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 36

30.06.2010-ൽ
മറുപടിയ്ക്ക്

## "ശബരിമല മാസ്റ്റർ പ്ലാൻ"

ചോദ്യം
ശ്രീ.എം.മുരളി
ശ്രീ.കെ.ശിവദാസൻ നായർ

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്തം തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഇതുവരെ നിലയ്ക്കലിൽ 400 ടോയ്‌ലെറ്റുകൾ നിർമ്മിച്ചു. കുടിവെള്ളശേഖരണത്തിനുവേണ്ടി 20 ലക്ഷം ലിറ്റർ ശേഷിയുള്ള 3 കോൺക്രീറ്റ് ടാങ്കുകൾ നിർമ്മിച്ചു. ഭക്തജനങ്ങളുടെ വിശ്രമത്തിനായി ഒരു നടപ്പന്തൽ നിർമ്മിച്ചു. വാഹന പാർക്കിംഗ് സൗകര്യം വിപുലപ്പെടുത്തി. പാർക്കിംഗ് ഗ്രൗണ്ടിലേക്കു പ്രവേശിക്കുന്നതിനായി പ്രധാന റോഡിൽനിന്നും പുതിയ റോഡ് നിർമ്മിച്ചു. ഖരമാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ നിർമ്മിച്ചു . ദ്രവമാലിന്യ നിർമ്മാർജ്ജനത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. പോലീസ് മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ താമസത്തിനായി 3 കെട്ടിടങ്ങൾ നിർമ്മിച്ചു. പമ്പയിൽ പുതുതായി 160 ലാട്രിനുകൾ നിർമ്മിച്ചു. അപ്പാച്ചിമേട്ടിലും നീലിമലയിലും ഓരോ കാർഡിയോളജി സെന്റർ നിർമ്മിച്ചു. അപ്പാച്ചിമേട്ടിൽ ഒരു റസ്റ്റിംഗ് ബേ നിർമ്മിച്ചു. പമ്പാ മണപ്പുറത്ത് സുബ്രഹ്മണ്യം ട്രസ്റ്റിന്റെ സഹായത്തോടെ നടപ്പന്തൽ നിർമ്മിച്ചു. ശബരിമലയിൽ 320 ലാട്രിനുകളും 80 കുളിമുറികളും പുതുതായി നിർമ്മിച്ചു. ശബരിമല മാസ്റ്റർപ്ലാനനുസരിച്ച് ശബരിമല നിലയ്ക്കൽ എന്നിവിടങ്ങളിലെ ലേഔട്ട് പ്ലാൻ തയ്യാറാക്കുന്ന

...

തിനും റോപ്പ്‌വേ, ക്യൂ കോംപ്ലക്സ് എന്നിവയുടെയും രൂപരേഖ തയ്യാറാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി ഭൂമി ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുവോ; | (ബി) | കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ അനുവദിച്ച വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു |
| (സി) | ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി നിയമിച്ച ഉന്നതാധികാര സമിതി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത്; | (സി) & (ഡി) | ശബരിമല മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കാനാണ് ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ശബരിമല നിലയ്ക്കൽ എന്നിവിടങ്ങളിലെ ലേഔട്ട് പ്ലാൻ തയ്യാറാക്കുന്നതിനും റോപ്പ്‌വേ, ക്യൂ കോംപ്ലക്സ് ഇവയുടെ രൂപരേഖ തയ്യാറാക്കുന്നതിനും ബോർഡ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ നടപ്പിൽവരുത്താൻ പ്രഗത്ഭരായ സ്ഥാപനങ്ങളെ അതാത് സ്ഥലങ്ങളുടെ രൂപരേഖയും വിശദമായ റിപ്പോർട്ടും നൽകുവാൻ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഈ നിർദ്ദേശങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .37 — 30.06.2010-ൽ മറുപടിയ്ക്ക്

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ചാഴിക്കാടൻ<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ്-കം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെയും അക്രഡിറ്റഡ് എഞ്ചിനീയർ / ഓവർസിയർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ഓരോ മുഴുവൻ സമയ കോർഡിനേറ്റർമാരെ പ്രവൃത്തി ക്രമീകരണ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. എല്ലാ ബ്ലോക്കുകളിലും ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറെ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) മറ്റ് ചുമതലകളിൽ നിന്നും ഒഴിവാക്കി ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം) എന്ന് പുനർ നാമകരണം ചെയ്ത് |

2

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പൂർണ്ണ ചുമതല നൽകിയിട്ടുണ്ട്. (31.12.2008-ലെ സ.ഉ.(കൈ)നം.346/08/തസ്വഭവ) ബ്ലോക്ക് തലത്തിൽ 65 ബ്ലോക്കുകളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തികയും എല്ലാ ബ്ലോക്കുകളിലും ഓരോ അക്കൗണ്ടന്റ്-കം ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ മാരെയും ജില്ലാ തലത്തിൽ ഓരോ ജില്ലാ ഐ.റ്റി. പ്രൊഫഷണലിനെയും അക്കൗണ്ടന്റിനെയും നിയമിക്കുന്നതിനും, 50,000 ത്തിനുമുകളിൽ കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും , ജില്ലാ തല ഭരണ ചെലവ് 6% കവിയാത്തതുമായ 8 ജില്ലകളിൽ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ നിയന്ത്രണത്തിൽ 8 പ്രോഗ്രാം ഓഫീസർമാർ അടങ്ങിയ സ്റ്റേറ്റ് സെല്ലും പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ജില്ലാ ബ്ലോക്ക് അടിസ്ഥാനത്തിൽ യഥാക്രമം മുഴുവൻ സമയ ജില്ലാ കോൺഡിനേറ്റർമാരെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരേയും നിയമിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലവിളമ്പത്തിന് കാരണം എന്നറിയിക്കുമോ; | (ബി) | തൊഴിലുറപ്പ് നിയമപ്രകാരം ജില്ലാ കളക്ടർമാരാണ് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ. ജില്ലാ പ്രോഗ്രാം കോർഡിനേറ്ററായി മുഴുവൻ സമയ നിയമനം നടത്തണമെന്ന് നിയമം അനുശാസിക്കുന്നില്ല. ഇപ്പോൾ 16 ബ്ലോക്കുകളിൽ മുഴുവൻ സമയ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ബ്ലോക്കുകളിൽ ബ്ലോക്ക് ഡെവല പ്പ്മെന്റ് ഓഫീസർമാർക്ക് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. എല്ലാ ബ്ലോക്കുകളിലും ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്)നെ മറ്റു ചുമതലകളിൽ നിന്നൊഴിവാക്കി ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം) ആയി തൊഴിലുറപ്പു പദ്ധതിയുടെ പൂർണ ചുമതല നൽകിയിട്ടുണ്ട്. കുറഞ്ഞത് 4000 കുടുംബങ്ങൾക്ക് എങ്കിലും തൊഴിൽ നൽകുകയും മൊത്തം ഭരണചെലവ് 6 ശതമാനത്തിൽ കുറവായിരിക്കുകയും ചെയ്യുന്ന സംസ്ഥാനത്തെ 65 ബ്ലോക്കുകളിൽ മുഴുവൻ സമയ പ്രോഗ്രാം |

ഓഫീസർമാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം മുഴുവൻ സമയ പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്നതിന് അനുമതി നൽകിയ ബ്ലോക്കുകളിൽ ഇതിനകം നിയമനം നടത്തിയിട്ടുള്ള ബ്ലോക്കുകൾക്ക് പുറമേയുള്ള ബ്ലോക്കുകളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും ജീവനക്കാരുടെ അഭാവം നേരിടുന്ന മേഖലകളിൽ അടിയന്തിരമായി ജീവനക്കാരെ നിയമിച്ചും തൊഴിലുറപ്പ് പദ്ധതി വിജയിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഈ പദ്ധതി സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ ഇതിനകം തന്നെ അയൽക്കൂട്ടതലം മുതൽ സംസ്ഥാന തലം വരെ എല്ലാ തലത്തിലെയും വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. ജീവനക്കാരില്ലാത്ത സ്ഥലങ്ങളിലും മുഴുവൻ സമയ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള സ്ഥലങ്ങളിലും നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) നെ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം) എന്ന് പുനർ നാമകരണം ചെയ്ത് തൊഴിലുറപ്പ് പദ്ധതിയുടെ പൂർണ്ണ ചുമതല നല്കികൊണ്ട് - സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ (കൈ) നം.346/2008/തസ്വഭവ. തീയതി, തിരുവനന്തപുരം : 31.12.2008.

---

പരാമർശം :
1. 1.03.2006 ലെ സ.ഉ(കൈ) നം.71/06/തസ്വഭവ നമ്പർ ഉത്തരവ്.
2. 17.09.2008 ൽ കൂടിയ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ നാലാമത് തൊഴിലുറപ്പ് യോഗത്തിന്റെ നടപടി ക്രമം.
3. ഗ്രാമവികസന കമ്മീഷണറുടെ 31.10.2008 ലെ 40184/എൻആർഇജിഎ സെൽ/07/സിആർഡി നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി സൃഷ്ടിക്കപ്പെട്ട എക്സ്റ്റൻഷൻ ഓഫീസർ (ഐആർഡി) തസ്തിക പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) എന്ന് പുനർ നാമകരണം ചെയ്യുക ഉണ്ടായി. ബ്ലോക്ക് തലത്തിൽ സ്വർണ്ണ ജയന്തി ഗ്രാമീണ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതലയാണ് നിലവിൽ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) നിർവ്വഹിച്ചുവരുന്നത്. പരാമർശം 2-ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ ചുമതലകൾ നിർവ്വഹിച്ച് വരുന്ന ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ മാരുടെ അധിക ജോലിഭാരം കണക്കിലെടുത്ത് ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) നെ മറ്റ് ചുമതലകളിൽ നിന്നും ഒഴിവാക്കി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പൂർണ്ണ ചുമതല നല്കികൊണ്ടും ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) നെ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം) എന്ന് പുനർ നാമകരണം ചെയ്തുകൊണ്ടും ഉത്തരവാകണമെന്നും ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) നെ നിലവിലുള്ള ചുമതലയിൽ നിന്നും വിടുതൽ ചെയ്ത്, ഈ ചുമതല ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ത്തിന് നല്കണമെന്നും ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) നെ മറ്റ് ചുമതലകളിൽ നിന്നും ഒഴിവാക്കി ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം) എന്ന് പുനർ നാമകരണം ചെയ്ത് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പൂർണ്ണ ചുമതല നല്കികൊണ്ട് ഉത്തരവാകുന്നു. കൂടാതെ, ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (റൂറൽ സെൽഫ് എംപ്ലോയ്മെന്റ്) നെ നിലവിലുള്ള ചുമതലയിൽ നിന്നും വിടുതൽ ചെയ്ത് കൊണ്ടും ഈ ചുമതല

ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ത്തിന് നല്കികൊണ്ടും സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്.സഫിയ ബീവി
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡിആർഡിഎ യിലെ എല്ലാ പ്രോജക്ട് ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
പ്രസിഡന്റ്, കേരള കമ്മ്യൂണിറ്റി ഡവലപ്മെന്റ് എക്സ്റ്റൻഷൻ ഓഫീസേഴ്സ് അസോസിയേഷൻ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്.
സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്.
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

L.3/1.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 38 | 30/06/2010-ൽ മറുപടിക്ക്

## റോഡപകടങ്ങൾ ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്.<br>ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>ശ്രീ. സി.ടി.അഹമ്മദ് അലി. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും, വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) റോഡപകടങ്ങൾ ദിനം പ്രതി വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ അതിനു പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) മദ്യപിച്ച് വാഹനം ഓടിക്കുന്നത് തടയുന്നതിനും, വാഹനം ഓടിക്കുന്ന അവസരത്തിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് തടയുന്നതിനും, അമിത വേഗത, അലക്ഷ്യമായ ഓവർടേക്കിംഗ് എന്നീ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ഹൈവേ പോലീസ് വിഭാഗത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വേഗപരിധി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൂടുതൽ അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ അപകടസൂചനാ ബോർഡുകൾ, ട്രാഫിക് സിഗ്നലുകൾ എന്നിവ സ്ഥാപിക്കാനുള്ള നിർദ്ദേശം അതത് ജില്ലകളിൽ നടപ്പാക്കി വരുന്നു. അപകട നിയന്ത്രണത്തിനായി പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. |
| സി) റോഡപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ചും, പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും | സി) വിവിധ ജില്ലകളിലെ റോഡപകട സാധ്യതയുള്ള മേഖലകളെ സംബന്ധിച്ച് കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത്, മോട്ടോർ |

| | | | |
|---|---|---|---|
| | പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | വെഹിക്കിൾ, പോലീസ് എന്നീ വകുപ്പുക ളിലെ ഒരു സംഘം ഉദ്യോഗസ്ഥർ ചേർന്നു നട ത്തിയ പഠനത്തിൽ കേരളത്തിൽ പ്രധാന മായും 216 അപകട സാധ്യതാ മേഖലകൾ ഉള്ളതായി കണ്ടെത്തിയിരുന്നു. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ആവശ്യ പ്രകാരം പ്രസ്തുത മേഖലകളിൽ സർവ്വേ നടത്തി അപ കട സാധ്യത കുറയ്ക്കുന്നതിനുവേണ്ട വിവര ങ്ങൾ ശേഖരിക്കാൻ നാറ്റ്പാക്കിനെ ചുമതല പ്പെടുത്തുകയും, നാറ്റ്പാക്ക് ഉദ്യോഗസ്ഥർ ജില്ലകൾ സന്ദർശിക്കുമ്പോൾ അപകട സാധ്യത മേഖലകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ജില്ലാ പോലീസ് അധികാരി കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | മദ്യപിച്ചും, ഉറക്കമിളച്ചും വാഹനമോടിക്കുന്നതുമൂല മുള്ള അപകടങ്ങൾ നിയ ന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാ ക്കുമോ? | ഡി) | മദ്യപിച്ച് വാഹനമോടിക്കുന്നവരേയും, ഉറ ക്കമിളച്ച് വാഹനമോടിക്കുന്നവരേയും കണ്ടെത്തി നടപടികളെടുക്കുവാനും ബോധ വത്കരണം നടത്തുവാനുമായുള്ള കർശന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാ ർക്കും/കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് അനു ബന്ധം 2 ആയി ചേർക്കുന്നു. രാത്രി വാഹന മോടിക്കുന്നവരുടെ സുരക്ഷയ്ക്കായി വാഹനം നിറുത്തി ഡ്രൈവർക്ക് ക്ഷീണമു ണ്ടെങ്കിൽ മുഖം കഴുകി ചായ കുടിച്ച ശേഷം ഡ്രൈവിംഗ് തുടരുന്നതിനും ദീർഘ യാത്രയാണെങ്കിൽ മറ്റൊരു ഡ്രൈവർ കൂടി വേണമെന്ന കാര്യത്തെക്കുറിച്ചും മറ്റുമുള്ള ബോധവത്കരണവും പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായി നടത്തുന്നുണ്ട്. |

✓

(അനുബന്ധങ്ങൾ 1, 2, നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്)

[signature]

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 39 — 30.06.2010-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധനകാലം സമാധാനപരമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ട്രോളിംഗ് നിരോധന കാലം സമാധാനപരമാക്കാൻ പോലീസും ഫിഷറീസ് വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ട്രോളിംഗ് നിരോധനം സമാധാനപരമായി നടപ്പാക്കുന്നതിന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി ജില്ലാ കളക്ടർമാരുടെയും പോലീസ് ഉദ്യോഗസ്ഥർ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, കോസ്റ്റ്ഗാർഡ്, നേവി, മത്സ്യമേഖലയിലെ ട്രേഡ് യൂണിയൻ/മത്സ്യത്തൊഴിലാളി സംഘടനകൾ എന്നിവരുടെ യോഗം വിളിച്ചു ചേർക്കുകയും ട്രോളിംഗ് നിരോധനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി ഇതുമായി സഹകരിക്കുവാൻ എല്ലാ വിഭാഗക്കാരോടും അഭ്യർത്ഥിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഫിഷറീസ് വകുപ്പിലെ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും ലോക്കൽ പോലീസും ചേർന്ന് തീരദേശ ജില്ലകളിൽ സമാധാന അന്തരീക്ഷം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ് പോലീസ് സ്റ്റേഷനിലും എല്ലാ തീരദേശ ജില്ലാ ഫിഷറീസ് ഓഫീസ്, ഫിഷറീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾക്കു പുറമെ ട്രോളിംഗ് നിരോധന കാലയളവിൽ ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ, എറണാകുളം ജില്ലയിലെ മുനമ്പം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, കോഴിക്കോട് ജില്ലയിലെ പുതിയാപ്പ, ചോമ്പാല എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പോലീസ് എയ്ഡ് പോസ്റ്റുകൾ താൽക്കാലികമായി ആരംഭിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. |
| ബി) നിരോധന കാലത്ത് കടൽ നിരീക്ഷണത്തിന് ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) ഉണ്ട്. തീരദേശ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലും ചുമതലയിലും ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കിവരുന്നു. ഫിഷറീസ് വകുപ്പ് പുതുതായി വാങ്ങിയ മൂന്ന് പട്രോൾ ബോട്ടുകൾക്ക് പുറമെ സ്വകാര്യബോട്ടുകൾ/ഫൈബർ വള്ളം എന്നിവ വാടകയ്ക്കെടുത്ത് സംസ്ഥാന തീരക്കടലിൽ പട്രോളിംഗ് നടത്തി ട്രോളിംഗ് നിരോധനം പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾ ട്രോളിംഗ് നിരോധനം തുടങ്ങുന്നതിനു മുമ്പ് സംസ്ഥാന തീരത്തു നിന്ന് വിട്ടുപോകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) നിരോധന കാലത്ത് അന്യ സംസ്ഥാനങ്ങൾ അനധികൃത മത്സ്യബന്ധനത്തിന് കേരളത്തിന്റെ തീരത്ത് എത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | സി) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ? | ഡി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും 2010 ജൂൺ 15 മുതൽ 2010 ജൂലൈ 31 വരെയുള്ള 47 ദിവസം സൗജന്യറേഷൻ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്യുന്നുണ്ട്. |

Roopa Kumari P.
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 40 — 30.6.2010 - ൽ മറുപടിക്ക്

വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ശശികുമാർ:<br>ശ്രീമതി.കെ.കെ.ലതിക :<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്: | ശ്രീ.കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി. |
| (എ) സംസ്ഥാനത്തെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ഈ ബ്യൂറോയെ അറിയിക്കാൻ എല്ലാ ഓഫീസുകളിലും ബോർഡുകൾ സ്ഥാപിക്കുകയും, അതിൽ വിജിലൻസ് യൂണിറ്റ് ഓഫീസുകളുടെ ടെലിഫോൺ നമ്പറുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് യഥാസമയം വിവരങ്ങൾ നൽകുന്നതിന് ഈ ബ്യൂറോയുടെ ആസ്ഥാനത്തും, നാല് മേഖലാ ആഫീസുകളിലും പ്രത്യേക ടെലിഫോൺ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) അഴിമതി കേസുകൾ അന്വേഷിക്കുന്നതിന് വിജിലൻസിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിഭാഗത്തിൻെറ ഘടന വ്യക്തമാക്കുമോ ; | (ബി) അഴിമതി സംബന്ധിച്ചുള്ള കേസുകൾ അന്വേഷിക്കുകയാണ് ഈ ബ്യൂറോയുടെ സുപ്രധാനമായ ചുമതല. ഈ ബ്യൂറോയുടെ എല്ലാ യൂണിറ്റുകളും അഴിമതി കേസുകളാണ് കൈകാര്യം ചെയ്യുന്നത്. |

(സി) ഏതെല്ലാം കേസുകളാണ് പുതുതായി രൂപീകരിച്ച പ്രത്യേക വിഭാഗം അന്വേഷിക്കുന്നത് ;

(സി) കെട്ടിക്കിടക്കുന്ന വിജിലൻസ് അന്വേഷണങ്ങളുടേയും കേസുകളുടേയും അന്വേഷണം ത്വരിതഗതിയിലുള്ള പൂർത്തീകരണത്തിനാണ് പുതിയതായി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്- II എന്ന യൂണിറ്റിന് ഉത്തരവ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കുന്നതാണ്.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഇപ്പോൾ എത്ര കേസുകളുടെ അന്വേഷണമാണ് പൂർത്തിയാക്കാനുള്ളത് ;

(ഡി) ഈ ബ്യൂറോ രജിസ്റ്റർ ചെയ്തിട്ടുള്ള 498 കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനുണ്ട്.

(ഇ) കെട്ടിക്കിടക്കുന്ന കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

(ഇ) സമയബന്ധിതമായി കേസുകൾ തീർപ്പാക്കുന്നതിന് താഴെപ്പറയുന്ന പ്രകാരം സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | വിജിലൻസ് അന്വേഷണം | 3 മാസം |
| 2 | ട്രാപ്പ് കേസുകൾ | 3 മാസം |
| 3 | സ്വത്ത് സമ്പാദന കേസുകൾ | 12 മാസം |
| 4 | മറ്റ് വിജിലൻസ് കേസുകൾ | 6 മാസം |
| 5 | വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണങ്ങൾ | 6 മാസം |

ഇതുകൂടാതെ 'രഹസ്യാന്വേഷണങ്ങൾ' 15 ദിവസത്തിനകവും, 'സത്വര പരിശോധനകൾ' 45 ദിവസത്തിനകവും പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 41

30.06.2010 - ൽ മറുപടിക്ക്

## ത്രിതല പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എം.ജെ.ജേക്കബ്,<br>ശ്രീ.സി.കെ.പി.പത്മനാഭൻ,<br>ശ്രീ.ബി.രാഘവൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) ത്രിതല പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളിൽ സഞ്ചാരയോഗ്യമല്ലാത്തവ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഭ്യമായ ഫണ്ടിൽ നിന്ന് പരമാവധി തുക ഈ പദ്ധതിക്കായി മാറ്റി വയ്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധിക വിഹിതം നൽകുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. അതു പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് 144 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 95.13 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 24.61 കോടി രൂപയും കോർപ്പറേഷനുകൾക്ക് 19.92 കോടി രൂപയും ഉൾപ്പെടെ ആകെ 283.66 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തു ഫണ്ടിൽ നിന്നും കൂടുതൽ തുക ചെലവഴിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമായ വികസന ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്ന് പരമാവധി തുക ഈ പദ്ധതിക്കായി നീക്കി വയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ തുക കണ്ടെത്തുന്നതിനായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് പശ്ചാത്തലമേഖലയിൽ ചെലവഴിക്കാവുന്ന തുകയുടെ പരിധി 20-ൽ നിന്ന് 30 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം തുക റോഡ് പദ്ധതിക്കായി വിനിയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| (സി) | റോഡ് നന്നാക്കുന്നതിന് ആവശ്യമായ തുക ലഭ്യമല്ലാത്ത പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം നൽകുമോയെന്ന് അറിയിക്കുമോ ; | (സി) | ഗ്രാമ പഞ്ചായത്തുകൾ ഒഴികെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ഇതിനകം 283.66 കോടി രൂപ പ്രത്യേക സഹായമായി അനുവദിച്ചിട്ടുണ്ട്; |
| (ഡി) | ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നിർവ്വഹിക്കേണ്ടത് എന്നറിയിക്കുമോ ; | (ഡി) | ബ്ലോക്ക് പഞ്ചായത്തുകൾ, നബാർഡ് - ആർ.ഐ.ഡി.എഫ്. റോഡുകളുടെയും എം.എൽ.എ. റോഡുകളുടെയും അറ്റകുറ്റപ്പണികൾ മാത്രമേ ഏറ്റെടുക്കാൻപാടുള്ളൂ. ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വിഹിതം വകയിരുത്തിയതിനുശേഷം തുക ബാക്കിയുണ്ടെങ്കിൽ മാത്രം 1995-നു ശേഷം പദ്ധതി വിഹിതം / വികസന ഫണ്ട്, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) എന്നീ ഫണ്ടുകൾ വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റപ്പണികളും ഏറ്റെടുക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുക തദ്ദേശ സ്ഥാപനങ്ങൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഇ) | വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകുന്ന റോഡ് പ്രവൃത്തികൾ പണി പൂർത്തീകരിച്ച് അന്തിമബിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമെ തുക അനുവദിച്ചു നൽകാറുള്ളു. ആയതിനാൽ അനുവദിക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കാതിരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. |

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 42 30-06-2010-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.പി.വിശ്വൻ :
ശ്രീ.എ.എം.ആരിഫ് :
ശ്രീ.സി.എച്ച്.കുഞ്ഞമ്പു :
ശ്രീ.സി.കെ.സദാശിവൻ :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു നൽകുന്ന ലംപ്സം ഗ്രാൻറ്, സ്റ്റൈപെൻറ്, മെസ്സ് ഫീ, പോക്കറ്റ് മണി തുടങ്ങിയ ആനുകൂല്യങ്ങൾ അതേ നിരക്കിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും നല്കി വരുന്നുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മക്കൾക്കു മാത്രമായി സർക്കാർ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്കൂളുകളിൽ പ്രസ്തുത കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനും അവരുടെ ഭക്ഷണത്തിൻെറ ചെലവിനുമായി വേണ്ടിവരുന്ന തുക ബഡ്ജറ്റിൽ കൂടി അനുവദിച്ചു നൽകുന്നു.<br>ഈ വർഷം 80 ലക്ഷം രൂപയാണ് മെസ് ചാർജിനും മറ്റ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. |
| (ബി) ഈ സർക്കാർ വന്ന ശേഷം പുതുതായി എന്തെ | (ബി) 1.8.2009 ലെ സ.ഉ.(എം.എസ്)നമ്പർ 55/2009/എഫ്&പി.ഡി. പ്രകാരം സ്വാശ്രയ സ്ഥാപനങ്ങ |

| | |
|---|---|
| ങ്കിലും വിദ്യാഭ്യാസാനുകൂല്യങ്ങൾ ~~നൽകിയിട്ടുണ്ടോ~~ ; എങ്കിൽ വ്യക്തമാക്കുമോ ; | ളിൽ പഠിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ വന്ന ശേഷം 2009 വരെ 25 കോടി രൂപ വിദ്യാഭ്യാസ ആനുകൂല്യമായി വിതരണം ചെയ്തു. ഈ വർഷം 5 കോടി രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (സി) സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് എന്തെല്ലാം വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നു എന്ന് വെളിപ്പെടുത്തുമോ ; | (സി) സ.ഉ.(എം.എസ്)55/2009/എഫ്&പി.ഡി തീയതി 1.8.2009 അനുസരിച്ച് പട്ടികജാതി /വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ സർക്കാർ അംഗീകരിച്ച സ്വാശ്രയ കോളേജുകളിൽ സർക്കാർ മെരിറ്റ് സീറ്റിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കും നല്കി വരുന്നു. |
| (ഡി) മത്സ്യത്തൊഴിലാളി മേഖലകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | (ഡി) മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും വിദ്യാലയങ്ങളിലെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്കൂൾ നടത്തിപ്പിൽ ഉണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേരള ഫിഷറീസ് സ്കൂൾ അവലോകന സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഫിഷറീസ് സ്കൂളുകളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കി വരുന്നു. |

( [illegible] )

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 43

30.06.2010-ൽ
മറുപടിയ്ക്ക്

## "മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനം"

ചോദ്യം
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.കെ.സി.കുഞ്ഞിരാമൻ
ശ്രീമതി.കെ.കെ.ലതിക.

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ച ശേഷം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) 02.10.2008 ൽ മലബാർ ദേവസ്വം ബോർഡ് നിലവില വന്നശേഷം ക്ഷേത്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 28.02.2009 ൽ GO(Ms)116/2009/RD ഉത്തരവു പ്രകാരം ക്ഷേത്രജീവനക്കാരുടെ ശമ്പളം സമഗ്രമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

2008 ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് (അമെന്റ്മെന്റ്) ആക്റ്റ് പ്രകാരം ലാന്റ് കൺസർവൻസി ആക്റ്റ് ദേവസ്വം ഭൂമിക്കുകൂടി ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രഭൂമി സംരക്ഷണത്തിനും, അന്യാധീനപ്പെട്ട ക്ഷേത്രഭൂമി വീണ്ടെടുക്കുന്നതിനുമായി മലബാർ ദേവസ്വം ബോർഡിൽ ഒരു തഹസീൽദാർ ഉൾപ്പെടെയുള്ള ഒരു യൂണിറ്റ് അനുവദിക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ശാന്തിമാർക്ക് പൂജാകർമ്മങ്ങൾ നടത്തുന്നതിന് കൂടുതൽ പരിശീലനം ആവശ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ "ജ്ഞാന സദസ്സ് –ശാന്തി പരിശീലനം" എന്ന പേരിൽ ഒരു പരിശീലന പരിപാടിക്ക് രൂപം കൊടുക്കുകയും ആദ്യഘട്ട

പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അഞ്ച് ഡിവിഷന്റെ കീഴിലായി ഏഴ് കേന്ദ്രങ്ങളിൽ ശാന്തിമാർ 30 ദിവസത്തെ പരിശീലനം നേടിക്കഴിഞ്ഞു. ഈ പരിപാടി ഇനിയും തുടരും.

ക്ഷേത്രങ്ങളിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പളം 04.02.2010 ലെ GO(P)-41/2010/RD ഉത്തരവു പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

ക്ഷേത്രങ്ങളിലെ കണക്കുകൾ ശരിയായി സൂക്ഷിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്കും, ബോർഡ് ജീവനക്കാർക്കും ബേസിക് അക്കൗണ്ടിംഗിൽ ഏകദിന പരിശീലനം നൽകിയിട്ടുണ്ട്.

ദേവസ്വം ഭൂമികളിൽ വൃക്ഷവൽക്കരണം നടത്തുന്നതിന് വനംവകുപ്പുമായി ചേർന്ന് "ദേവാരണ്യം" പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്ന ശേഷം ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി 2008-2009 വർഷം ഒരു കോടി 75 ലക്ഷം രൂപസർക്കാർ നൽകിയിട്ടുണ്ട്. 2009-10 വർഷം രണ്ടു കോടി 8 ലക്ഷം രൂപയും മലബാർ ദേവസ്വം ബോർഡ് ഇതിനായി നൽകിയിട്ടുണ്ട്. 2010-2011 ൽ മൂന്നു കോടി രൂപ മലബാർ ദേവസ്വം ബോർഡ് ബജറ്റിൽ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ബോർഡ് രൂപീകരിച്ചതിനു ശേഷം മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സർക്കാർ എത്ര കോടി രൂപ അനുവദിച്ചു എന്നു വെളിപ്പെടുത്തുമോ; | (ബി) | ബോർഡ് നിലവിൽ വന്നശേഷം സംസ്ഥാന ബഡ്ജറ്റിൽ മാനേജ്മെന്റ് ഫണ്ട് എന്ന ഇനത്തിൽ പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. 2009-10 വർഷത്തിൽ 15 കോടിയും, 2010-2011 വർഷത്തിൽ 16.5 കോടിയും രൂപ ഗ്രാന്റ്-ഇൻ-എയ്ഡായിമലബാർ ദേവസ്വം ബോർഡിന് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും മാനേജ്മെന്റ് ഫണ്ടിലേക്ക് ആവശ്യാനുസരണം തുക ബോർഡ് വിനിയോഗിക്കുന്നുണ്ട്. |
| (സി) | ഉത്തര മലബാറിലെ ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട ആചാര സ്ഥാനീയർ, കോലധാരികൾ, കോമരം തുടങ്ങിയവർക്ക് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ; | (സി) | ഉത്തരമലബാറിലെ ആചാരസ്ഥാനീയർ, കോലധാരികൾ തുടങ്ങിയവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിന് 2010-2011 ലെ ബജറ്റ് പ്രസംഗത്തിൽ ഒരു കോടിരൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളിലുള്ളവരുടെ ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതിന് മുൻപ് ഇവരുടെ യോഗ്യതയുടെ മാനദണ്ഡം നിശ്ചയിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കുന്നതിനായി എത്ര ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉത്തരമലബാറിലെ കാവുകളിലെ ആചാരസ്ഥാനീയർ, കോലധാരികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനായി 2010-2011 ലെ ബജറ്റ് പ്രസംഗത്തിൽ ഒരു കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44 | 30-06-2010- ൽ മറുപടിയ്ക്ക്

## മത്സ്യകേരളം പദ്ധതി

ചോദ്യം | മറുപടി

ശ്രീ.വി.എൻ.വാസവൻ :
ശ്രീ.ആർ.സെൽവരാജ് :
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.പി.വിശ്വൻ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉൾനാടൻ മത്സ്യകർഷകർക്ക് സാമ്പത്തിക സാമ്പത്തിക സാങ്കേതിക സഹായം നല്കുന്നതിന് രൂപികരിച്ചിട്ടുള്ള മത്സ്യ കർഷക വികസന ഏജൻസികൾ വഴി മത്സ്യ/ആറ്റുകൊഞ്ച്, ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടപ്പാക്കിവരുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾ വഴി മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ച് മത്സ്യകേരളം പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. മൂന്നു വർഷം കൊണ്ട് 10,000 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കി ഉൾനാടൻ മത്സ്യ ഉല്പാദനം 75,000 ടണ്ണിൽ നിന്നും 2,00,000 ടണ്ണായി ഉയർത്തുകയാണ് മത്സ്യകേരളം പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>ഇതിനുപുറമേ കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിയ്ക്കുശേഷം മത്സ്യകൃഷിനടത്തുന്ന ഒരു നെല്ലും--ഒരു മീനും പദ്ധതിയും കോൾ നിലങ്ങളിൽ |

| | |
|---|---|
| | അറ്റുകൊഞ്ച് കൃഷിയും അഡാക്ക് മുഖേന നടപ്പാക്കി വരുന്നു. പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ വിദർഭാ പാക്കേജ് മുഖേന മത്സ്യകൃഷിയും, പാലക്കാട് ജില്ലയിൽ റിസർവോയർ മത്സ്യ/അറ്റുകൊഞ്ച് കൃഷിയും നടപ്പാക്കി വരുന്നു.<br><br>രാഷ്ട്രീയ കൃഷി വികസ് യോജന പദ്ധതി പ്രകാരം അറ്റുകൊഞ്ച്/കരിമീൻ, ചെമ്മീൻ കൃഷി വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. പ്രത്യേകം തയ്യാറാക്കിയിട്ടുള്ള കൂടുകളിൽ മത്സ്യകൃഷിനടത്തി മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കി വരുന്നു. |
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന മത്സ്യകേരളം പദ്ധതിയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ ; | (ബി) 2008-09 മുതൽ 2010-11 വരെ 3 വർഷത്തേയ്ക്കായി വിഭാവനം ചെയ്തിട്ടുള്ള മത്സ്യകേരളം പദ്ധതിയുടെ ഒന്നാംഘട്ടമായ ഓരുജല കൃഷി പദ്ധതി 20.12.08-ൽ എറണാകുളത്ത് ഉദ്ഘാടനം ചെയ്തു. ഒന്നാം ഘട്ടത്തിൽ ആകെ 2140 ഹെക്ടറിലായി 530 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. കൂടാതെ കൊല്ലം, തൃശൂർ ജില്ലകളിൽ 12.25 ഹെക്ടറിൽ 61250 കരിമീൻ കുഞ്ഞുങ്ങളെയും തൃശൂർ ജില്ലയിൽ 2.75 ഹെക്ടറിൽ 13825 തിരുത കുഞ്ഞുങ്ങളെയും നിക്ഷേപിച്ചു. ഇതിനു പുറമെയായി 808 മസ്സൽ യൂണിറ്റുകളും ആരംഭിച്ചു. ഇവയിൽ നിന്നായി ഏകദേശം 2200 ടൺ ചെമ്മീനും 2395 ടൺ കല്ലുമ്മേക്കായയും 8 ടൺ കരിമീനും ഉല്പാദിപ്പിക്കാൻ കഴിഞ്ഞു.<br><br>ഒന്നാം ഘട്ട ശുദ്ധ ജലകൃഷിയിൽ 17,000 ഹെക്ടറോളം ശുദ്ധ ജലാശയങ്ങൾ സർവ്വേ നടത്തുകയും 4300 |

| | |
|---|---|
| | ഹെക്ടറോളം ടെക്നിക്കൽ സർവ്വെ പൂർത്തിയാക്കുകയും ചെയ്തു. ഇതിൽ 3428 ഹെക്ടറിൽ കട്‌ല, രോഹു, മൃഗാൾ, സൈപ്രനസ്, ഗ്രാസ് കാർപ്പ്, കരിമീൻ എന്നീ മത്സ്യങ്ങൾ ഉൾപ്പെടെ 173 ലക്ഷം ശുദ്ധജല മത്സ്യ / ആറ്റുകൊഞ്ചു കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ശുദ്ധജല മത്സ്യകൃഷിയിൽ ആകെ 21972 ഗുണഭോക്താക്കളാണുള്ളത്. ഇതുവരെ നടന്ന 2350.59 ഹെക്ടർ ശുദ്ധജല പ്രദേശത്തെ വിളവെടുപ്പിൽ 6692 ടൺ മത്സ്യം ലഭിച്ചു.<br><br>ഓരുജല കൃഷിയുടെ രണ്ടാംഘട്ടത്തിൽ 2583.27 ഹെക്ടറിൽ 532.69 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. 1000 യൂണിറ്റിലാണ് കല്ലുമ്മക്കായകൃഷി നടത്താൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും 1097 കല്ലുമ്മക്കായ യൂണിറ്റ് ആരംഭിക്കാൻ സാധിച്ചു. കൂടാതെ 16 യൂണിറ്റുകളിൽ കൃഷി നടത്തുകയും 18.5 ഹെക്ടറിയൽ 67920 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തു. രണ്ടാം ഘട്ട ഓരുജല കൃഷിയിൽ 2146 ഗുണഭോക്താക്കളാണുള്ളത്. ഓരുജലകൃഷി വിളവെടുപ്പ് ആരംഭിച്ചതേയുള്ളൂ.<br><br>രണ്ടാം ഘട്ട ശുദ്ധജല കൃഷി സ്റ്റോക്കിംഗ് ആരംഭിച്ചു കഴിഞ്ഞു. 4100 ഹെക്ടറിൽ ശുദ്ധജല മത്സ്യകൃഷി ആണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജില്ലകളിൽ മത്സ്യവിത്ത് പരിപാലന യൂണിറ്റുകളും ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) മത്സ്യകേരളം പദ്ധതി യുടെ രണ്ടാം ഘട്ടത്തിൽ മത്സ്യോല്പാദനത്തിൽ എന്തു മാത്രം വർദ്ധനവാണ് പ്രതീക്ഷി ക്കുന്നത് ; | (സി) മത്സ്യകേരളം പദ്ധതിയുടെ രണ്ടാംഘട്ടം അവസാ നിക്കുമ്പോൾ ഉൾനാടൻ മത്സ്യോല്പാദനം മൊത്തത്തിൽ 130000 ടണ്ണാക്കി ഉയർത്തുവാനാണ് ലക്ഷ്യമിടുന്നത്. അതിൽ മത്സ്യകേരള പദ്ധതിയിൽ മാത്രമായി 12000 ടൺ മത്സ്യവും 3000 ടൺ ചെമ്മീനും 5000 ടൺ കല്ലുമ്മക്കാ യ, ഞണ്ട് എന്നിവയും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കു ന്നു. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് മത്സ്യകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്ന തെന്ന് വിശദമാക്കുമോ ? | (ഡി) വിത്ത്, തീറ്റ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നതാണ് മത്സ്യകേരളം പദ്ധതിയ്ക്കു കീഴിൽ ആവി ഷ്കരിച്ചിട്ടുള്ള പ്രധാന ആനുകൂല്യം. ശുദ്ധ ജലാശയങ്ങ ളിൽ മത്സ്യകൃഷിക്ക് ഇൻപുട്ട് സബ്സിഡി 10000 രൂപയും ശുദ്ധജല കൃഷിയിടങ്ങളുടെ നന്നാക്കൽ /പു തുക്കിപ്പണിയൽ എന്നിവയ്ക്ക് ഹെക്ടറിന് 12000 രൂപയും ഉൾപ്പെടെ ആദ്യഘട്ടത്തിൽ 22000 /- രൂപ കർഷകർക്ക് ലഭിക്കും. രണ്ടാം വർഷത്തിൽ ആദ്യഘട്ട ഇൻപുട്ട് സബ്സിഡിയുടെ 75%വും മൂന്നാം വർഷത്തിൽ ആദ്യ ഘട്ട ഇൻപുട്ട് സബ്സിഡിയുടെ 50%വും ലഭിക്കുന്നതാ ണ്. ഓരുജലാശയങ്ങളിലെ മത്സ്യകൃഷിയ്ക്ക് ഇൻപുട്ട് സബ്സിഡി 20000 /- രൂപയും കൃഷിയിടങ്ങളുടെ നിർ മ്മാണ പ്രവർത്തനങ്ങൾക്കും പുതുക്കിപ്പണിയലിനു മായി 30000 /- രൂപയും ഉൾപ്പെടെ ആദ്യഘട്ടത്തിൽ 50000 /- രൂപയുടെ ആനുകൂല്യവും കർഷകർക്ക് ലഭി ക്കും. രണ്ടാം വർഷത്തിൽ ആദ്യഘട്ട ഇൻപുട്ട് സബ് സിഡിയുടെ 75%വും മൂന്നാം വർഷത്തിൽ ആദ്യഘട്ട ഇൻപുട്ട് സബ് സിഡിയുടെ 50%വും ലഭിക്കുന്നതാണ്. |

മത്സ്യ / ചെമ്മീൻ കർഷകർക്കായി ഇൻഷ്വറൻസ് പദ്ധതി 'ദി ഓറിയൻറൽ ഇൻഷ്വറൻസ് കമ്പനി ' യുടെ സഹകരണത്തോടെ നടപ്പാക്കിയിട്ടുണ്ട്. ഓരുജല മത്സ്യകൃഷിയിൽ കൃഷിയിടം ഇൻഷ്വർ ചെയ്യുന്നതിന് 75% ധനസഹായം മത്സ്യകേരളം, രാഷ്ട്രീയകൃഷിവികാസ് യോജന പദ്ധതികൾ പ്രകാരം നൽകുന്നു.

മത്സ്യകേരളം പദ്ധതി പ്രകാരമുള്ള മറ്റ് ധനസഹായങ്ങളും ആനുകൂല്യങ്ങളും താഴെപ്പറയുന്നു.

| ക്രമ നം. | പരിപാടി | ധനസഹായ നിരക്ക് |
|---|---|---|
| 1 | നെല്ല് / മത്സ്യം / ചെമ്മീൻ പാടശേഖരങ്ങൾ പരിയുക്തമായ ജലപ്രദേശങ്ങളിലെ കൃഷി | 24,000 /ha |
| 2 | സംയോജിത മത്സ്യകൃഷി | 16,000 /ha |
| 3 | അലങ്കാര മത്സ്യ ഉല്പാദനം (യൂണിറ്റുകൾ) | 40,000 |
| 4 | മത്സ്യവിത്തു പരിപാലന കേന്ദ്രങ്ങൾ (യൂണിറ്റ്) | 10,000 |
| 5 | കൊതുക് (കൂത്താടി) നിർമ്മാർജ്ജന മത്സ്യകൃഷി / ഉൽപ്പാദനം (യൂണിറ്റ്) | 20,000 |
| 6 | കക്ക / ചിപ്പി / ക്ലാം കൃഷി | 2500 / ha |
| 7 | കടൽപ്പായൽ കൃഷി (യൂണിറ്റ്) | 40000 / |
| 8 | കൂടുകളിലെ മത്സ്യകൃഷി യൂണിറ്റ് | 12500 / |
| 9 | ഞണ്ടു കൃഷി യൂണിറ്റ് | 12500 |
| 10 | മത്സ്യവിത്തുല്പാദക യൂണിറ്റുകൾ/ ശീതജലമത്സ്യം ഉൾപ്പെടെയുള്ളവയുടെ വിത്ത് ബാങ്കുകൾ | 80000 |
| 11 | മത്സ്യതീറ്റ നിർമ്മാണ യൂണിറ്റുകൾ | 100000 |

| | | | |
|---|---|---|---|
| | 12 | ഗുണനിലവാര നിയന്ത്രണ ശാലകളുടെ സംസ്ഥാപനം | 100% |
| | 13 | കക്ക / ചിപ്പി ശുദ്ധീകരണ യൂണിറ്റുകൾ | 50000 |
| | 14 | ജലകൃഷിയ്ക്കുള്ള സംയോജിത പരിപാലന പരിപാടികൾ | 100% |
| | 15 | വിപുലീകരണ സേവനയൂണിറ്റുകളുടെ സംസ്ഥാപനം | 100% |
| | 16 | സഞ്ചരിക്കുന്ന ക്ലിനിക്കുകൾ | 100% |
| | 17 | പാഠ്യവിവരങ്ങൾ /കൈപ്പുസ്തകങ്ങൾ /അാധാരവത്ക്കരണം തയ്യാറാക്കൽ | 100% |
| | 18 | മത്സ്യകർഷക ക്ലബ്ബുകളുടെ സ്ഥാപനം | 3000 / ക്ലബ്ബ് |

ഇതുകൂടാതെ ഇൻപുട്ട് സബ്സിഡിയിൽ മത്സ്യവിത്തിന്റെ വില കഴിച്ചുള്ള തുകയിൽ നിന്നും മത്സ്യതീറ്റയ്ക്കുള്ള ചെലവും ഇൻഷ്വറൻസിന്റെ ഗുണഭോക്തൃ വിഹിതവും കർഷകർക്ക് നല്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 45

30.6.2010 - ൽ മറുപടിക്ക്

കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. കുഞ്ഞിരാമൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. കെ. കെ. ദിവാകരൻ :<br>ശ്രീ. ബാബു എം. പാലിശ്ശേരി : | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>(ബഹു. ആഭ്യന്തരവും വിനോദ - സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) : കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**ഫോറൻസിക് സയൻസ് ലബോറട്ടറി**<br>കണ്ണൂരും, തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി 24 തസ്തികകളും പുതുതായി അനുവദിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി ഡി. എൻ. എ. സൈബർ ഫോറൻസിക് തുടങ്ങിയ ഡിവിഷനുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. വ്യാജ വിദേശ കറൻസികളും വ്യാജ ഇൻഡ്യൻ കറൻസികളും പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>**സൈബർ ക്രൈം പോലീസ് സ്റ്റേഷൻ**<br>സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേയ്ക്ക് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം |

നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലകളിൽ ജില്ലാ / സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

ഫിംഗർ പ്രിന്റ് ബ്യൂറോ

കുറ്റകൃത്യസ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന വിരലടയാളങ്ങൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ശാസ്ത്രീയമായി വിശകലനം ചെയ്ത് കുറ്റവാളികളെ കണ്ടെത്തുന്നതിന് വിരലടയാള വിശകലന സംവിധാനം Finger Print Bureau ആസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു. ഈ സംവിധാനം എല്ലാ പോലീസ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റകൃത്യസ്ഥലങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന വിരലടയാളങ്ങൾ പരിശോധിക്കുന്നതിന് ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും അന്വേഷണത്തിന് സഹായമാകുന്ന ശാസ്ത്രീയ ഉപകരണങ്ങളടങ്ങുന്ന ഇൻവെസ്റ്റിഗേഷൻ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഫോറൻസിക് സയൻസ് ലാബ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ആധുനിക ഉപകരണങ്ങൾ സജ്ജീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) : ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഡി. എൻ. എ ലാബ്, സൈബർ ഫോറൻസിക് വിഭാഗം എന്നിവ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ലബോറട്ടറിയിലെ മറ്റ് ഡിവിഷനുകളിലെ ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ കംപാരിസൺ മൈക്രോസ്കോപ്പ്, അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോമീറ്റർ, അഡ്വൻസ്ഡ് എക്യുപ്മെന്റ് ഫോർ ഡോക്കുമെന്റ് എക്സാമിനേഷൻ, ഹൈപ്രെസിഷൻ തിൻലിയർ ക്രോമോറ്റോഗ്രാഫ്, വീഡിയോ സൂപ്പർ ഇംപൊസിഷൻ സിസ്റ്റം, ഗാസ്ക്രോമാറ്റോ ഗ്രാഫ് വിത്ത് ഹെഡ്സ്പെസ് അനലൈസർ, വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം,

ഫ്ളാഷ് പോയിന്റ് അപ്പാരറ്റസ്, പെട്രോളിയം ഡിസ്റ്റിലേഷൻ അപ്പാരറ്റസ്, ഡീപ്പ് ഫ്രീസർ ആന്റ് വാട്ടർ ബാത്ത്, റിയൽ ടൈം PCR, ആട്ടോ ക്ലേവ്, മൈക്രോവേവ് ഡൈജസ്റ്റീവ് സിസ്റ്റം, ബൈനോക്കുലർ റിസർച്ച് മൈക്രോസ്കോപ്പ്, ഡബിൾ ഡിസ്റ്റിലേഷൻ യൂണിറ്റ്, ടേബിൾ ടോപ്പ് സെൻട്രിഫ്യൂജ്, സീൻ ഓഫ് ക്രൈം ലൈറ്റ്, ഹൈഡ്രോ കാർബൺ അനലൈസർ, ഇലക്ട്രോസ്റ്റാറ്റിക് ഇമേജ് ഡിറ്റക്ഷൻ അപ്പാരറ്റസ് തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ ലാബിന് നൽകിയിട്ടുണ്ട്.

(സി) ആധുനിക കുറ്റാന്വേഷണത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) : ആധുനിക കുറ്റാന്വേഷണത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി അന്വേഷണോദ്യോഗസ്ഥൻമാർക്ക് നിരന്തരം ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻമാർ പരിശീലനം നടത്താറുണ്ട്. പോലീസ് ട്രെയിനിംഗ് കോളേജിൽ നടത്തുന്ന ശാസ്ത്രീയ കുറ്റാന്വേഷണ പരിശീലന പരിപാടികളിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻമാർ ക്ലാസ് എടുക്കാറുണ്ട്. കൂടാതെ ലാബിൽ സജ്ജീകരിച്ചിരിക്കുന്ന ആധുനിക ശാസ്ത്രീയ ഉപകരണങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് പോലീസ് ഉദ്യോഗസ്ഥരെ ബോധവൽക്കരിക്കാറുണ്ട്. പുതുതായി തുടങ്ങിയ ഡി. എൻ. എ., സൈബർ, നുണപരിശോധന സംവിധാനങ്ങളിൽ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയമായ അന്വേഷണത്തിനു സഹായിക്കുന്ന രീതിയിലുള്ള പരിശീലനം നൽകിയിട്ടുണ്ട്. കുറ്റകൃത്യം നടന്നസ്ഥലം ശാസ്ത്രീയമായി പരിശോധിക്കാൻ പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കാനായി എല്ലാ ജില്ലകളിലും പരിശീലനം സിദ്ധിച്ച ശാസ്ത്രജ്ഞൻമാരെ നിയമിച്ചിട്ടുണ്ട്.

കൂടാതെ കുറ്റാന്വേഷണ മേഖലയിലെ ആധുനിക സങ്കേതങ്ങളെക്കുറിച്ച് അറിവ് ലഭ്യമാക്കുന്നതിനായി BPR & D, Sardar Vallabhai Patel National Police Academy, Lok Nayak Jayaprakash Narayan National Institute of

Criminology and Forensic Science, Central Bureau of Investigation Academy തുടങ്ങിയ ദേശീയ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ ക്രൈംബ്രാഞ്ച് ഓഫീസർമാർ പങ്കെടുത്തുവരുന്നു.

ആധുനിക കുറ്റാന്വേഷണത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് പോലീസ് ട്രെയിനിംഗ് കോളേജിൽ ഹ്രസ്വകാലവും, ദീർഘകാലവുമായി നീണ്ടു നിൽക്കുന്ന കോഴ്സുകൾ കേസ് അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്. കഴിഞ്ഞ 3 വർഷം ശാസ്ത്രീയമായ കുറ്റാന്വേഷണം എന്ന വിഷയത്തെ മാത്രം ആസ്പദമാക്കി നടത്തിയ കോഴ്സുകളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

(ഡി) : ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികളും അച്ചടക്ക നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## Courses Conducted exclusively on Scientific Investigation at Police Training college, Tvpm

| Name of the Course | Conducted From- To | No of Participants | No of Days |
|---|---|---|---|
| **In the year 2007** | | | |
| Course on lifting and packing of finger prints and foot prints for PCs/HCs for HCs/PCs/WPCs | 28.07.07 | 35 | 1 |
| Course on lifting and packing of finger prints and foot prints for PCs/HCs for HCs/PCs/WPCs | 30.07.07 | 35 | 1 |
| Course on lifting and packing of finger prints and foot prints for PCs/HCs for HCs/PCs/WPCs | 31.07.07 | 35 | 1 |
| Course on lifting and packing of finger prints and foot prints for PCs/HCs for HCs/PCs/WPCs | 01.08.07 | 35 | 1 |
| **In the year 2008** | | | |
| Course on Scientific investigation for WCI's/WSI's (15 days) | 14-01-08 to 01-02-08 | 20 | 15 |
| Investigation of Cyber Crime for CI/DySP | 24.03.08 to 27.03.08 | 23 | 4 |
| Investigation of Cyber Crime CI/DySP | 20.05.08 to 23.05.08 | 22 | 4 |
| 'Advanced Course On Investigation Of Cases' For Dysps/Cis/Sis | 09.12.08 to 12.12.08 | 36 | 10 |
| 'Advanced Course On Investigation Of Cases' For Dysps/Cis/Sis | 23.12.08 TO 03.01.09 | 33 | 10 |

| | | | |
|---|---|---|---|
| **In the year 2009** | | | |
| Sub-Inspectors Talent Enhancement Programme(STEP08 )FOR YOUNG SIS | 19.01.09 to 18.04.09 | 25 | 21 |
| Scientific Investigation of Cases for ASIs | 17.03.09 to 21.03.09 | 30 | 5 |
| Newly adopted Instrumental Techniques in Scientific Investigation for DySPs/CIS | 30.03.09 to 31.03.09 | 25 | 2 |
| Course on 'Methods and Techniques in Interrogation for DySP/CI/SI of CBCID | 09.09.09 to 10.09.09 | 26 | 2 |
| Scientific Investigation of Cases for ASIs/HCs | 19.10.09 to 23.10.09 | 26 | 5 |
| Sub-Inspectors Talent Enhancement Programme(STEP09 ) FOR YOUNG SIS | 14.09.09 to 17.11.09 | 25 | 65 |
| Course on Scientific Investigation for WSIs/WHCs | 27.10.09 to 31.10.09 | 31 | 6 |
| **In the year 2010** | | | |
| Sub-Inspectors Talent Enhancement Programme (STEP 09 ) FOR YOUNG SIS | 20.1.10 to 24.03.10 | 26 | 50 |
| Compulsory Cadre Course for ASIs | 12.05.10 to 16.06.10 | 25 | 30 |

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 46 — 30.06.2010 ൽ മറുപടിക്ക്

## കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി പ്രസ്സിന്റെ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.എം.എം.മോനായി<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി<br>(ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രസ്സിന്റെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ആധുനികവൽക്കരണത്തിന്റെ ഭാഗമായി മുപ്പത്തിരണ്ട് പേജ് ഒരേ സമയം അച്ചടിയ്ക്കാവുന്ന പുതിയ 4 കളർ അച്ചടിയന്ത്രം സ്ഥാപിച്ച് അച്ചടിജോലികൾ ആരംഭിച്ചിട്ടുണ്ട്. പുതിയ സി.റ്റി.പി. മെഷീൻ വാങ്ങുന്നതിനാവശ്യമായ നടപടികൾ പുരോഗമിയ്ക്കുന്നു. |
| (ബി) | കെ.പി.ബി.എസ്. വിവിധ സ്ഥാപനങ്ങളുടെ ഏതെല്ലാം ജോലികളാണ് കഴിഞ്ഞ വർഷം ഏറ്റെടുത്തത് ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പാഠപുസ്തകങ്ങളുടെ അച്ചടി യഥാസമയം പൂർണ്ണമായും നിർവഹിക്കാൻ സൊസൈറ്റിക്ക് കഴിയുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്സിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ഡി) | പ്രസ്സിന്റെ ഉത്പാദനശേഷി വർദ്ധിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

( [illegible] )

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 47 | 30.6.2010 - ൽ മറുപടിക്ക്

## അന്യസംസ്ഥാനതൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോർജ്ജ് മേഴ്സിയർ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികൾ പ്രതികളായ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) : ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി)അന്യ സംസ്ഥാനത്തുനിന്നും വരുന്ന ക്രിമിനൽ പശ്ചാത്തലമുള്ള തൊഴിലാളികളെ നിരീക്ഷിക്കുവാൻ സംവിധാനങ്ങൾ നിലവിലുണ്ടോ ; | (ബി) : അന്യ സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സ്പെഷ്യൽ ബ്രാഞ്ച് യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാന തൊഴിലാളികളുടെ വിശദ വിവരങ്ങളും, ഫോട്ടോയും പ്രത്യേകം രജിസ്റ്ററിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിച്ചു വരുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ അതാത് കോൺട്രാക്ടർമാരും പ്രത്യേകം രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഇപ്പോൾ രജിസ്ട്രേഷൻ സംവിധാനങ്ങൾ നിലവിലുണ്ടോ ; | (സി) : ഉണ്ട്. അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി രൂപീകരിച്ചുകൊണ്ട് 2010 മാർച്ച് 29-ാം തീയതിയിലെ. ജി. ഒ (എം. എസ്) 46/10/തൊഴിൽ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രാബല്യത്തിൽ വന്ന 29.3.2010 ന് മുമ്പ് ഒരു മാസമോ അതിൽ കൂടുതൽ കാലമോ കുടിയേറ്റ തൊഴിലാളിയായി ജോലി |

ചെയ്തു വരുന്ന 18 വയസിനും 60 വയസിനും ഇടയ്ക്കുള്ള ഓരോ കുടിയേറ്റ തൊഴിലാളിയും ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കൂടാതെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അന്യസംസ്ഥാന തൊഴിലാളികളെ കണ്ടെത്തി വിവരശേഖരണം തയ്യാറാക്കി അവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി സമഗ്രമായ നിർദ്ദേശം സമർപ്പിക്കാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തീവ്രവാദ പ്രസ്ഥാനങ്ങളും, മാവോയിസ്റ്റ്‌വാദികളുടെ സാന്നിദ്ധ്യവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവരുടെ നിരീക്ഷണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

(ഡി) : അന്യ സംസ്ഥാന തൊഴിലാളികൾ കൂടുതലായി ജോലി ചെയ്യുന്ന സ്ഥലങ്ങളിലും, താമസ സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണം നടത്തുന്നതിന് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്യ സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിച്ച് അവരുടെ സ്വന്തം സംസ്ഥാനങ്ങളിലെ സ്റ്റേഷനുകൾ മുഖേന അന്വേഷണം നടത്തി ആവശ്യമായ നിയമ നടപടികൾക്ക് ശുപാർശ ചെയ്തുവരുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾ അവർ താമസിച്ച് ജോലി ചെയ്യുന്ന സ്റ്റേഷൻ പരിധിയിലെ എസ്. എച്ച്. ഒ യുടെ നേരിട്ടുള്ള നിരീക്ഷണത്തിലുമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 48. 30.06.2010 ൽ മറുപടിയ്ക്ക്

**കസ്റ്റഡി മരണങ്ങളെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട്**

**ചോദ്യം**

ശ്രീ. എൻ. ശക്തൻ

ശ്രീ. എം. മുരളി

ശ്രീ. വർക്കല കഹാർ

ശ്രീ. എം.എ.വാഹീദ്

**ഉത്തരം**

ശ്രീ . കോടിയേരി ബാലകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും
വകുപ്പു മന്ത്രി.

(എ) സംസ്ഥാനത്ത് നടക്കുന്ന കസ്റ്റഡിമരണങ്ങളെക്കുറിച്ച് നടത്തിയ ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിൽ കസ്റ്റഡിമരണം അവസാനിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കണമെന്നാണ് ശുപാർശ ചെയ്തിരുന്നത്;

(എ) കസ്റ്റഡി മരണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയ ജസ്റ്റിസ് ആർ. രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇതിന്മേൽ സർക്കാർ ഇതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് കസ്റ്റഡിമരണങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ കമ്മീഷൻ ശുപാർശകൾ കർശനമായി നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(സി) കസ്റ്റഡിയിലെടുക്കുന്ന പ്രതികളോട് മൂന്നാംമുറ പ്രയോഗങ്ങൾ പാടില്ലായെന്ന് പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ലോക്കപ്പിൽ സൂക്ഷിക്കുന്ന പ്രതികളുടെമേൽ കർശന നിരീക്ഷണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ കസ്റ്റഡി മരണങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനു വേണ്ടി ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികളും, മാതൃകാ പരമായ ശിക്ഷകളും സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

## അനുബന്ധം

## രാജേന്ദ്ര ബാബു കമ്മീഷൻ റിപ്പോർട്ടിലെ ഡി.ജി.പി. നടപ്പാക്കേണ്ട ശുപാർശകൾ

1. ശുപാർശ:- ഡി.കെ. ബാസുവും വെസ്റ്റ് ബംഗാളും തമ്മിലുള്ള കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും കർശനമായി നടപ്പാക്കുക.

2. ശുപാർശ:- ഇൻഡ്യൻ ഭരണഘടന, മനുഷ്യാവകാശം, പോലീസ് നിരന്തരം കൈകാര്യം ചെയ്യുന്ന നിയമങ്ങളിൽ വേണ്ടുന്ന മാനുഷിക സമീപനം, പൗരന്മാരോടുള്ള ഉത്തരവാദിത്വം എന്നിവ സംബന്ധിച്ച് പോലീസിന് കാലാകാലങ്ങളിൽ പരിശീലനം നൽകേണ്ടതാണ്. പോലീസിൻെറ പൊതുജന സമ്പർക്കം ജനങ്ങൾക്ക് പോലീസിനെ സംബന്ധിച്ച് വിശ്വാസം വളർത്താൻ ഉപകരിക്കുന്നതാണ്.

3. ചീട്ടുകളി പോലുള്ള നിസ്സാര കാര്യങ്ങൾക്ക് ആളുകളെ അറസ്റ്റു ചെയ്യുന്ന പ്രവണത പോലീസ് ഒഴിവാക്കേണ്ടതാണ്. ഈ വക കാര്യങ്ങൾക്ക് ആളുകളെ പിടുകൂടുന്ന പക്ഷം അവരുടെ പേരും മുഴുവൻ വിലാസവും റിക്കാർഡ് ചെയ്ത ശേഷം അവരെ വെറുതെ വിടേണ്ടതാണ്. ഇപ്പോഴത്തെപ്പോലെ ഇത്തരക്കാരെ പിന്തുടർന്ന് അറസ്റ്റു ചെയ്യുന്ന നടപടി കഴിയുന്നതും നിരുത്സാഹപ്പെടുത്തേണ്ട താണ്. ഡി.ജി.പിക്ക് നിർദ്ദേശം നൽകാവുന്നതാണ്.

4. കഴിയുന്നതും കഠിനമായ കുറ്റകൃത്യങ്ങൾക്ക് മാത്രമേ ആളുകളെ അറസ്റ്റു ചെയ്യാവൂ. ഇപ്രകാരം അറസ്റ്റു ചെയ്യുന്ന ആളുകളെ എത്രയും പെട്ടെന്നു മജിസ്ട്രേട്ടിനു മുൻപാകെ ഹാജരാക്കേണ്ടതാണ്.

5. നിയമ പരിപാലനത്തിനും കേസന്വേഷണത്തിനും വേറെ വേറെ പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.

6. പോലീസിൻെറ പ്രവർത്തന സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തേണ്ട താണ്. ഇതിനായി പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

7. പോലീസ് കസ്റ്റഡിയിൽ വച്ചോ പോലീസ് വിരട്ടി ഓടിക്കുന്ന അവസരത്തിലോ ആരെങ്കിലും മരിക്കുന്ന പക്ഷം അതിനെ സംബന്ധിക്കുന്ന കേസ് സ്റ്റേഷൻ ചാർജ്ജുള്ള ഓഫീസറോ മരണപ്പെട്ട ആളെ പിന്തുടർന്ന ഓഫീസറോ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല. ഇത്തരത്തിലുള്ള കേസ് സർക്കിൾ ഇൻസ്പെക്ടർ രജിസ്റ്റർ ചെയ്യുന്നതായിരിക്കും നല്ലത്.

8. കോടതിക്കു മുൻപാകെ ഹാജരാക്കുന്ന പ്രതിയുടെ ശരീരത്തിൽ മുറിവുകൾ വല്ലതുമുണ്ടെങ്കിൽ റിമാൻഡ് റിപ്പോർട്ടിൽ മുറിവുകളെ സംബന്ധിച്ച് വ്യക്തമായ വിവരണം നൽകിയിരിക്കേണ്ടതും അത് മജിസ്ട്രേട്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതായി രേഖപ്പെടുത്തുകയും വേണം.

9. കെ.ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിൽ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും ഒരു പരാതിപ്പെട്ടി സ്ഥാപിക്കണമെന്നും പെട്ടിയുടെ ഉത്തരവാദിത്വം തദ്ദേശ ഭരണസ്ഥാപനത്തിലെ പ്രസിഡൻറിനായിരിക്കണമെന്നും എല്ലാ മാസവും ഏതെങ്കിലും ഒരു ദിവസം ആ സ്ഥലത്തെ കോളേജിലേയോ, ഹയർ സെക്കണ്ടറി സ്കൂളിലെയോ പ്രിൻസിപ്പാളിൻെറ സാന്നിദ്ധ്യത്തിൽ പെട്ടി തുറക്കുകയും പെട്ടിക്കുള്ളിലെ പരാതികളിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ പോലീസ് സൂപ്രണ്ടിന് നടപടിക്കായി അയക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഇതേ ആൾക്കാരെ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലും ലോക്കപ്പിലും ഉള്ള ആളുകളെ സന്ദർശിക്കുന്നതിനും അവരിൽ നിന്നും പരാതി ലഭിക്കുന്ന പക്ഷം സൂപ്രണ്ടിന് നൽകുന്നതിനും ചുമതലപ്പെടുത്തേണ്ടതാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 49.          30.06.2010 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ . കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| (എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനം തടയുന്നതിന് ലോക്കൽ പോലീസ്, ഇന്റലിജൻസ് വിഭാഗം എന്നിവയുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തന സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്കായി ഇന്റലിജൻസ് എ.ഡി.ജി.പി യുടെ മേൽനോട്ടത്തിൽ ഇന്റേണൽ സെക്യൂരിറ്റി എന്ന ഒരു വിഭാഗം ഒരു ഐ.ജി യുടെ ചുമതലയിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും തീവ്രവാദ സ്വഭാവമുള്ള കേസുകൾ ഉണ്ടായാൽ അവയും പ്രത്യേക അന്വേഷണ ടീമിനെ നിയോഗിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതാണ്. |
| (ബി) തീവ്രവാദ കേസ്സുകൾ അന്വേഷിക്കുന്നതിന് സർക്കാർ രൂപീകരിച്ചിട്ടുള്ള പ്രത്യേക സംഘം ഏതെല്ലാം കേസ്സുകളാണ് ഇപ്പോൾ അന്വേഷിക്കുന്നത്; | (ബി) മുണ്ടക്കയം പോലീസ് സ്റ്റേഷൻ, ക്രൈം. നം. 257/08, ബിനാനിപുരം പോലീസ് സ്റ്റേഷൻ, ക്രൈം. നം. 159/06, എടക്കാട് പോലീസ് സ്റ്റേഷൻ, ക്രൈം. നം. 356/08 എന്നീ കേസ്സുകളാണ് സംയുക്ത അന്വേഷണ സംഘം (JIT) അന്വേഷിച്ചുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ ഈ കേസ്സുകളെല്ലാം ദേശീയ അന്വേഷണ ഏജൻസി (NIA) ഏറ്റെടുത്ത് തുടർ അന്വേഷണം നടത്തിവരുന്നു. |

(സി) ദേശീയ അന്വേഷണ ഏജൻസി കേരളവുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസ്സുകളാണ് അന്വേഷിക്കുന്നത്;

(സി) ചുവടെ പറയുന്ന 6 കേസ്സുകളാണ് ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുത്ത് അന്വേഷണം നടത്തിവരുന്നത്.

1) ക്രൈം. നം. 257/08 മുണ്ടക്കയം പോലീസ് സ്റ്റേഷൻ.
2) ക്രൈം. നം. 159/06 ബിനാനിപുരം പോലീസ് സ്റ്റേഷൻ.
3) ക്രൈം. നം. 356/08 എടക്കാട് പോലീസ് സ്റ്റേഷൻ.
4) ക്രൈം. നം. 469/05 കളമശ്ശേരി പോലീസ് സ്റ്റേഷൻ.
5) ക്രൈം. നം. 80/06 കസബ പോലീസ് സ്റ്റേഷൻ.
6) ക്രൈം.നം.81/06 നടക്കാവ് പോലീസ് സ്റ്റേഷൻ.

(ഡി) കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഉണ്ട്. മാവോയിസ്റ്റ് സംഘടനകളുടെ പ്രവർത്തനം പരിമിതമായതോതിൽ കേരളത്തിലെ ചില ജില്ലകളിൽ നടന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഇന്റലിജൻസ് വിഭാഗം ആവശ്യമായ നിരീക്ഷണം നടത്തിവരുന്നു.

(ഇ) സംസ്ഥാനത്തിന്റെ തന്ത്രപ്രധാന മേഖലകളിൽ ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ?

(ഇ) നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 50 — 30/6/2010 – ൽ മറുപടിയ്ക്ക്

## പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി

ചോദ്യം — മറുപടി

ശ്രീ. വർക്കല കഹാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | (എ) സംസ്ഥാനത്തെ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് വിഭാഗത്തിൽ എക്സ് – കേഡർ തസ്തികകൾ ഉൾപ്പെടെ 1521 പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഇതിൽ ഐ. ആർ. ബറ്റാലിയൻ തുടങ്ങുന്നതിലേയ്ക്ക് എക്സിക്യൂട്ടീവ് വിഭാഗത്തിൽപെട്ട സൃഷ്ടിച്ച 927 തസ്തികകളും ഉൾപ്പെടുന്നു. |
| (ബി) അടുത്ത വർഷം പൂർത്തിയാകുന്നതോടെ സംസ്ഥാന പോലീസ് സേനയിൽ എത്ര പേരുടെ അംഗബലം കൂടുമെന്നാണ് കണക്കാക്കുന്നത് ; | (ബി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി റിക്രൂട്ട് ചെയ്ത പോലീസുകാരുടെ രണ്ട് ബാച്ചുകളുടെയും ട്രെയിനിംഗ് പൂർത്തിയായി കഴിയുമ്പോൾ 5546 ( 2639 + 2907) പോലീസുകാരുടെ വർദ്ധനവ് ഉണ്ടാകുന്നതാണ്. |

| | |
|---|---|
| (സി) പോലീസ് സേനയുടെ ശക്തികൂട്ടുന്നതിൻെറ ഭാഗമായി വരും വർഷങ്ങളിൽ ഏതൊക്കെ പുതിയ ബറ്റാലിയനുകൾ രൂപീകരിക്കണമെന്ന നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ; | (സി) സംസ്ഥാനത്ത് 3 പുതിയ സായുധ സേനാ ബറ്റാലിയനുകളും, ഒരു പുതിയ ഐ. ആർ. ബറ്റാലിയനും രൂപീകരിക്കാനുള്ള നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്. ഇതിനു പുറമേ ഒരു വനിതാ ബറ്റാലിയനും രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഇൻഡ്യൻ റിസർവ്വ് ബറ്റാലിയൻ രൂപീകരിക്കുന്നതിൻെറ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ഡി) ഇന്ത്യാ റിസർവ്വ് ബറ്റാലിയൻെറ റഗുലർ വിംഗിലേക്ക് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സഹനശക്തി പരീക്ഷ, എഴുത്തുപരീക്ഷ, കായിക ക്ഷമതാ പരീക്ഷ എന്നിവ നടത്തുകയും ആയതിൻെറ അടിസ്ഥാനത്തിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളിൽ നിന്നും നിലവിലുള്ള 475 ഒഴിവുകളിലേക്ക് മെഡിക്കൽ ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇന്ത്യാ റിസർവ്വ് ബറ്റാലിയൻെറ കമാൻേറാ വിംഗിലേക്ക് സ്പെഷ്യൽ സെലക്ഷൻ ബോർഡ് മുഖേന സഹനശക്തി പരീക്ഷ, എഴുത്തു പരീക്ഷ, കായിക പരീക്ഷ എന്നിവ നടത്തി കഴിഞ്ഞു. യോഗ്യത നേടിയ ഉദ്യോഗാർത്ഥികളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേക്ക് മെഡിക്കൽ ടെസ്റ്റ്, സൈക്കോളജിക്കൽ ടെസ്റ്റ് മുതലായവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

.........

| | |
|---|---|
| (ഇ) ഈ ബറ്റാലിയനിൽ പ്രാരംഭമായി എത്ര പോലീസുകാരെയാണ് നിയമിക്കുന്നത് ; ഈ ബറ്റാലിയന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ? | (ഇ) ഈ ബറ്റാലിയനിൽ പ്രാരംഭമായി 675 പോലീസുകാരെ നിയമിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരികയാണ്. (റഗുലർ വിംഗ് 475, കമാൻറോ വിംഗ് 200).<br>തീവ്രവാദ പ്രവർത്തനങ്ങൾ, ദേശീയ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ ഫലപ്രദമായി നേരിടുക, കേന്ദ്ര ഗവൺമെൻറ് ആവശ്യപ്പെടുന്ന ഏതു സംഘർഷഭരിതവും പ്രശ്ന ബാധിതവുമായ പ്രദേശങ്ങളിലും ജോലി നോക്കുക എന്നിവയാണ് ഇന്ത്യാ റിസർവ്വ് ബറ്റാലിയന്റെ പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51

30-6-2010 ൽ മറുപടിയ്ക്ക്

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 4

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. എം.എം. മോനായി:<br>ശ്രീ. മഞ്ഞളാംകുഴി അലി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 4 മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 4 വളരെ ശ്രദ്ധേയമായ രീതിയിൽ സംഘടിപ്പിക്കുന്നതിനായുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷത്തെ ഫെസ്റ്റിവലിലൂടെ കൂടുതൽ സമ്മാനങ്ങൾ നൽകുന്നതിനും ഫെസ്റ്റിവലിന് അന്യ സംസ്ഥാനങ്ങളിൽ പ്രചാരണം സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| ബി) കൂടുതൽ വ്യാപാര സ്ഥാപനങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്.<br>കഴിഞ്ഞവർഷത്തെപ്പോലെ ഈ വർഷവും വ്യവസായ വകുപ്പ് മുഖേനയാണ് ഫെസ്റ്റിവലിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ ഉദ്ദേശിക്കുന്നത്. ഏകദേശം പതിനായിരത്തോളം വ്യാപാര സ്ഥാപനങ്ങൾ ഈ വർഷത്തെ ഫെസ്ററിവലിൽ പങ്കാളികളാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഈ സീസണിൽ കൂടുതൽ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | സി) | ഉണ്ട്. ആകെ 101 കിലോ സ്വർണ്ണമാണ് ഇത്തവണ സമ്മാനമായി വിതരണം ചെയ്യുന്നത്. സ്വർണ്ണം ഉൾപ്പെടെ മറ്റു നിരവധി സ്ക്രാച്ച് ആന്റ് വിൻ സമ്മാനങ്ങളും ഇത്തവണത്തെ ഫെസ്റ്റിവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ പേരെ മേളയിലേക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) | അന്യ സംസ്ഥാനത്തുനിന്ന് കൂടുതൽ പേരെ ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ഫെസ്റ്റിവലിന്റെ റോഡ് ഷോകൾ ഉൾപ്പെടെയുള്ള പ്രചാരണം അന്യ സംസ്ഥാനത്തേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>കൂടാതെ അന്യ സംസ്ഥാനത്ത് നിന്നെത്തി ഷോപ്പിംഗ് നടത്തുന്നവർക്ക് വാറ്റ് നികുതി നിബന്ധനകൾക്ക് വിധേയമായി സംഘാടകർ തിരികെ നൽകുന്ന ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു. |
| ഇ) | മേളയിൽ ഈ സീസണിലെ വില്പന ലക്ഷ്യം എത്രയാണെന്ന് വ്യക്തമാക്കുമോ ? | ഇ) | കൂടുതൽ വ്യാപാര സ്ഥാപനങ്ങൾ ഫെസ്റ്റിവലിൽ പങ്കാളികളാകുന്നതോടെ അതിനാനുപാതികമായ വില്പന വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വർഷം 3000 കോടിയുടെ അധിക വില്പന പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 52

30/6/2010 -ൽ മറുപടിയ്ക്ക്.

## ജയിലുകളിലെ സുരക്ഷാ സംവിധാനം

ചോദ്യം | ഉത്തരം
---|---
ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. അടൂർ പ്രകാശ് : | (ബഹു: ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):
ശ്രീ. വി.ഡി.സതീശൻ: |

| | |
|---|---|
| (എ). പുതിയ ജയിൽ നിയമമനുസരിച്ചുള്ള വ്യവസ്ഥകൾ സംസ്ഥാനത്തെ ജയിലുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ). പുതിയ ജയിൽ നിയമമനുസരിച്ചുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി). ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ കുറ്റമറ്റതും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് ; | (ബി). സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരെ നിരീക്ഷിക്കുന്നതിനും സുരക്ഷാ സംവിധാനം കുറ്റമറ്റതും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി സൂക്ഷ്മ നിരീക്ഷണ ക്യാമറകൾ തിരുവനന്തപുരം സെൻട്രൽ ജയിലിലും കണ്ണൂർ സെൻട്രൽ ജയിലിലും ഘടിപ്പിച്ചിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റിമാന്റ് തടവുകാരെ കോടതിയിൽ കൊണ്ടുപോകാതെ ജയിലിൽ വച്ചുതന്നെ റിമാന്റ് ദീർഘിപ്പിക്കുന്നതിനുവേണ്ടി, ബന്ധപ്പെട്ട കോടതികളും ജയിലുകളും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ ജയിലും , ജില്ലാ ജയിലും, തിരുവനന്തപുരത്തെ കോടതികളുമായി ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം 12/6/2010 മുതലും വിയ്യൂർ സെൻട്രൽ ജയിലിൽ 27/6/2010 മുതലും നടപ്പിൽ വന്നിട്ടുണ്ട്. കൂടാതെ കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നി കോടതികളും ജയിലുമായി ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉടനെ സജ്ജീകരിക്കുവാൻ നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.<br>ജയിലിനുള്ളിലെ മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കുന്നതിനായി മൊബൈൽ ഫോൺ ജാമറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സംവിധാനം കണ്ണൂർ സെൻട്രൽ ജയിലിൽ സ്ഥാപിച്ചുകഴിഞ്ഞു. തിരുവനന്തപുരം സെൻട്രൽ ജയിലിലും , വിയ്യൂർ സെൻട്രൽ ജയിലിലും മൊബൈൽ ജാമറുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ നിരീക്ഷിക്കാനുള്ള സൂക്ഷ്മ നിരീക്ഷണ ഉപകരണങ്ങൾ (Surveillance system) സംസ്ഥാനത്ത് ഏതൊക്കെ ജയിലുകളിലാണ് ഇപ്പോൾ സ്ഥാപിച്ചിട്ടുള്ളത്; | (സി). ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ നിരീക്ഷിക്കാനുള്ള സൂക്ഷ്മ നിരീക്ഷണ ഉപകരണങ്ങൾ സംസ്ഥാനത്തെ കണ്ണൂർ, തിരുവനന്തപുരം സെൻട്രൽ ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി). ഇത്തരം സംവിധാനങ്ങളുണ്ടായിരുന്നിട്ടും കണ്ണൂർ ജയിലിൽ സുരക്ഷാ വീഴ്ച സംഭവിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ കൂടുതൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി). കണ്ണൂർ സെൻട്രൽ ജയിലിൽ 7/6/2010 മുതലാണ് സർവ്വയലൻസ് സംവിധാനം ആരംഭിച്ചത്. ടി സംവിധാനം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ജയിൽ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. കണ്ണൂർ ജയിലിൽ സുരക്ഷാ സംവിധാനം കുറ്റമറ്റതാക്കുന്നതിന് നോഡൽ ഏജൻസിയായ കെൽട്രോണിനെക്കൊണ്ട് ടി സുരക്ഷാ സംവിധാനങ്ങൾ പരിശോധിപ്പിച്ച് പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ രണ്ട് തടവുകാർ രക്ഷപ്പെട്ട 10-ാം ബ്ലോക്കിലെ സുരക്ഷാ സംവിധാനം കൂടുതൽ ബലപ്പെടുത്തുന്നതിനായി പ്രസ്തുത ബ്ലോക്കിലെ ഗ്രിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജയിൽ എ.ഡി.ജി.പി യും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിക്കുകയും വകുപ്പ് മേധാവിയുടെ ഉത്തരവ് അനുസരിച്ച് എല്ലാ ബ്ലോക്കുകളും ഓഫീസർമാരുടെ ചുമതലയിൽ ഏൽപ്പിക്കുകയും ദിവസം രണ്ട് തവണ വീതം ജയിലർ, ഡെപ്യൂട്ടി ജയിലർ, അസിസ്റ്റന്റ് ജയിലർമാർ എന്നിവർ ഇടക്കിടക്ക് ബ്ലോക്കുകൾ സന്ദർശിക്കുകയും സുരക്ഷിതത്വം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ ബ്ലോക്കിലെ സെർച്ചിംഗിനായി മറ്റ് ജയിലുകളിൽ നിന്നുള്ള ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ദിവസവും രാത്രി ബ്ലോക്കുകളിലും പരിശോധന നടത്തുകയും ചെയ്തുവരുന്നു. ജയിൽ നിയമങ്ങൾക്ക് വിരുദ്ധമായി സൂക്ഷിക്കുന്ന മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സാധനങ്ങൾ സെർച്ച് ചെയ്ത് കണ്ടെടുത്തിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ ഒഴിഞ്ഞുകിടക്കുന്ന വാർഡർമാരുടെ തസ്തിക നികത്തുന്നതിനായി പി.എസ്.സി ഓഫീസുമായി അടിയന്തിരമായി ബന്ധപ്പെടുകയും എത്രയും വേഗം പ്രസ്തുത തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 53

30.06.2010-ൽ
മറുപടിയ്ക്ക്

## "ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ"

ചോദ്യം
ശ്രീ.കെ.കെ.ജയചന്ദ്രൻ
ശ്രീ.രാജു എബ്രഹാം
ശ്രീ.കെ.സി.രാജഗോപാലൻ
ശ്രീ.വി.എൻ.വാസവൻ

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ശബരിമല മാസ്റ്റർ പ്ലാനിൽ 2050 വർഷകാലയളവുവരെയുള്ള ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രാദേശികവികസനം, അടിസ്ഥാന സൗകര്യ വികസനം, ഗതാഗതസൗകര്യങ്ങളുടെ വിപുലീകരണം, ജലവിതരണം, ശുചീകരണം, സാനിട്ടേഷൻ സൗകര്യങ്ങളുടെ വികസനം, ദുരന്തനിവാരണം, അഗ്നിശമനം, ക്യൂ കോംപ്ലക്സ്, റോപ്പ് വേ, ശൗചാലയങ്ങൾ, സന്നിധാനം, പമ്പ എന്നിവയുടെ ആസൂത്രിത വികസനം, ഖരമാലിന്യ നിർമ്മാർജ്ജനം, ബേസ് ക്യാമ്പുകളുടെ വികസനം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നീ പദ്ധതികൾ ശാസ്ത്രീയമായും പരിസ്ഥിതിക്കനുയോജ്യമായും വികസിപ്പിക്കുകയാണ് ലക്ഷ്യം. |
| (ബി) | മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | (ബി) | ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ദേവസ്വം ബോർഡ് നിലയ്ക്കലിൽ 400 ടോയ്ലറ്റുകൾ നിർമ്മിച്ചു. കുടിവെള്ള വിതരണം വിപുലപ്പെടുത്തി. കുടിവെള്ളം ശേഖരിക്കുന്നതിനു 3 കോൺക്രീറ്റ് ടാങ്കുകൾ (20 ലക്ഷം ലിറ്റർ ശേഷിയുള്ള) നിർമ്മിച്ചു. തീർത്ഥാടന റോഡുവികസനം ഘട്ടംഘട്ടമായി ബോർഡ് നടപ്പിലാക്കി വരുന്നു. ഭക്തജനങ്ങൾക്ക് വിശ്രമത്തിനായി നടപ്പന്തൽ നിർമ്മിച്ചു. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ നിർമ്മിച്ചു. ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായി ക്രമീകരണ |

| | | | |
|---|---|---|---|
| | | | ങ്ങൾ ഏർപ്പെടുത്തി. താമസസൗകര്യം വിപുലപ്പെടുത്താൻ 3 കെട്ടിടങ്ങൾ നിർമ്മിച്ചു. വാഹന പാർക്കിംഗ് സൗകര്യം വിപുലീകരിച്ചു. പരമ്പരാഗത പാതകൾ വികസിപ്പിച്ചു. അപ്പാച്ചിമേട്ടിലും നീലിമലയിലും ഓരോ കാർഡിയോളജി സെന്റർ നിർമ്മിച്ചു. |
| (സി) | പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിന് എത്ര കോടി രൂപ വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ; | (സി) | ശബരിമല മാസ്റ്റർ പ്ലാൻ കൺസൾട്ടന്റായ ഇക്കോസ്മാർട്ട് 2006 ൽ ഏകദേശം ആയിരം കോടി രൂപയാണ് പദ്ധതി ചെലവ് കണക്കാക്കിയിരിക്കുന്നത്. |
| (ഡി) | പദ്ധതിയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | പദ്ധതിക്കാവശ്യമായ ധനസഹായം ലഭ്യമാക്കാൻ ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് രൂപീകരിച്ചിട്ടുള്ളതും അതിന്റെ ട്രസ്റ്റ് ഡീഡിന്റെ നക്കൽ ബഹു.ഹൈക്കോടതി അംഗീകരിച്ചിട്ടുള്ളതുമാണ്. |
| (ഇ) | ആദ്യഘട്ട മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; | (ഇ) | ആദ്യഘട്ട മാസ്റ്റർ പ്ലാനിൽ ക്യൂകോംപ്ലക്സ്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ റോപ്പ്‌വേ, വഴികളുടെ വീതികൂട്ടൽ, ശൗചാലയങ്ങളുടെയും ബാത്ത്റൂമുകളുടെയും നിർമ്മാണം, അരവണ കോംപ്ലക്സ് നിർമ്മാണം, കാർഡിയോളജി സെന്ററുകളുടെ നിർമ്മാണം, വിരിഷെഡ്ഡുകളുടെയും വിശ്രമ കേന്ദ്രങ്ങളുടെയും നിർമ്മാണം ഖരമാലിന്യ നിർമ്മാർജ്ജനം, ബേസ്ക്യാമ്പുകളുടെ വികസനം, മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനം–ആരോഗ്യ ഊർജ്ജസംരക്ഷണം, വാർത്താവിതരണം, ദുരന്ത നിവാരണം എന്നിവയ്ക്കാണ് മുൻതൂക്കം നൽകുന്നത്. |
| (എഫ്) | ഇതിനകം ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കിയെന്നു വ്യക്തമാക്കുമോ; | (എഫ്) & (ജി) | ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ദേവസ്വം ബോർഡ് നിലയ്ക്കലിൽ 400 ടോയ്‌ലെറ്റുകൾ നിർമ്മിച്ചു. കുടിവെള്ള വിതരണം വിപുലപ്പെടുത്തി. കുടിവെള്ള ശേഖരണത്തിനായി 20 ലക്ഷം ലിറ്റർ ശേഷിയുള്ള 3 കോൺക്രീറ്റ്ടാങ്കുകൾ നിർമ്മിച്ചു. റോഡുവികസനം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഭക്തജനങ്ങൾക്ക് വിശ്രമത്തിനായി ഒരു നടപ്പന്തൽ നിർമ്മിച്ചു. വാഹന പാർക്കിംഗ് സൗകര്യം വിപുലീകരിച്ചു. പാർക്കിംഗ് ഗ്രൗണ്ടിലേക്ക് പ്രവേശിക്കുന്നതിനായി പ്രധാന റോഡിൽ നിന്നും പുതിയ റോഡു നിർമ്മിച്ചു. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ നിർമ്മിച്ചു. ദ്രവമാലിന്യ നിർമ്മാർജ്ജനത്തിനായി ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും താമസ |
| (ജി) | മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | | |

ത്തിനായി 3 കെട്ടിടങ്ങൾ നിർമ്മിച്ചു. പമ്പയിൽ 160 ലാട്രിനുകൾ പുതുതായി നിർമ്മിച്ചു. ഉദ്യോഗസ്ഥന്മാരുടെയും തൊഴിലാളികളുടെയും താമസസൗകര്യം വിപുലമാക്കി. അപ്പാച്ചിമേട്ടിലും നീലിമലയിലും ഓരോ കാർഡിയോളജി സെന്റർ നിർമ്മിച്ചു, ഒരു ലാട്രിൻ കോംപ്ലക്സ് നിർമ്മിച്ചു. അപ്പാച്ചിമേട്ടിൽ ഒരു വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ശബരിമലയിൽ 320 ലാട്രിനുകളും 80 കുളിമുറികളും പുതുതായി നിർമ്മിച്ചു. ചന്ദ്രാനന്ദൻ റോഡ് 7 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്തും പാർശ്വഭിത്തി കെട്ടിയും സഞ്ചാരയോഗ്യമാക്കി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 54

30.06.2010- ൽ മറുപടിയ്ക്ക്

## വഖഫ് ബോർഡിലെ ക്രമക്കേടുകൾ

**ചോദ്യം** / **ഉത്തരം**

ശ്രീ. എം.ജെ.ജേക്കബ്
" എം.ഹംസ
" എം.എം. യൂസഫ്
" എ.സി.മൊയ്തീൻ

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

എ) വഖഫ് ഭരണം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) വഖഫ് ഭരണം കാര്യക്ഷമമാക്കുന്നതിനായി 1995ലെ വഖഫ് നിയമവും, 1996ലെ വഖഫ് ചട്ടങ്ങളും നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എൻക്വയറി കമ്മീഷൻ റിപ്പോർട്ടിലെ വഖഫ് ഭരണം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

ബി) വഖഫ് ബോർഡിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ കണ്ടെത്തലുകളും ശുപാർശകളും വെളിപ്പെടുത്തുമോ ;

(ബി) ഉണ്ട്. ടി റിപ്പോർട്ട് മന്ത്രി സഭയ്ക്ക് സമർപ്പിച്ചു. 1952 ലെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3(4) പ്രകാരം നിയമസഭയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. റിപ്പോർട്ട് ഉടൻ തന്നെ നിയമസഭയിൽ വെക്കുന്നതാണ്.

| | | | |
|---|---|---|---|
| സി | അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 1995ലെ വഖഫ് ആക്ട് സെക്ഷൻ 51 പ്രകാരം വഖഫ് വസ്തു അന്യാധീനപ്പെട്ടത് സംബന്ധിച്ച വിവരം ബോർഡിൽ ലഭിക്കുന്നതനുസരിച്ച് വഖഫ് ആക്ട് സെക്ഷൻ 52 വഖഫ് റൂൾ 35 എന്നിവ പ്രകാരം നിലവിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| ഡി | അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ? | (ഡി) | അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ - 55 30.06.2010 -ൽ മറുപടിയ്ക്ക്

## ഫോറൻസിക് ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

ചോദ്യം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ജി. കാർത്തികേയൻ:
ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. കെ. ബാബു:

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ ഫോറൻസിക് ലാബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്; | എ | ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കണ്ണൂരും തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി 24 തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഡി.എൻ.എ ലാബ്, പോളിഗ്രാഫ് സംവിധാനം, സൈബർ ഫോറൻസിക് ഡിവിഷൻ എന്നിവയും പൂർണ്ണ സജ്ജമായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. ഇതുകൂടാതെ വ്യാജ വിദേശ കറൻസികളും, വ്യാജ ഇൻഡ്യൻ കറൻസികളും പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി | ഇവിടെ നാർകോ അനാലിസിസ് പരിശോധന സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി | നാർകോ അനാലിസിസ് / ബ്രെയിൻ ഫിംഗർ പ്രിന്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് 2010 - 11 ലെ പോലീസ് ആധുനികവൽക്കരണ പദ്ധതിയിൽ 1 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇത് സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി | ആധുനികവത്കരണത്തിന്റെ ഭാഗമായി ഇവിടെ എന്തൊക്കെ പുതിയ ഉപകരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്; | സി | കംപാരിസൺ മൈക്രോസ്കോപ്പ്, അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോമീറ്റർ, അഡ്വാൻസ്ഡ് എക്യുപ്മെന്റ് ഫോർ ഡോക്കുമെന്റ് എക്സാമിനേഷൻ, ഹൈപ്രെസിഷൻ തിൻലെയർ ക്രൊമോറ്റോഗ്രാഫ്, വീഡിയോ സൂപ്പർ ഇംപൊസിഷൻ സിസ്റ്റം, ഗാസ്ക്രോമാറ്റോ ഗ്രാഫ് വിത്ത് ഹെഡ് സ്പേസ് അനലൈസർ, വാട്ടർ പൂരിഫിക്കേഷൻ സിസ്റ്റം, ഫ്ളാഷ് പോയിന്റ് അപ്പാരറ്റസ്, പെട്രോളിയം ഡിസ്റ്റിലേഷൻ അപ്പാരറ്റസ്, ഡീപ്പ് ഫ്രീസർ ആന്റ് വാട്ടർ ബാത്ത്, റിയൽ ടൈം പി.സി.ആർ, ആട്ടോ ക്ലേവ്, മൈക്രോ വേവ് ഡൈജസ്റ്റീവ് സിസ്റ്റം, ബൈനോക്കുലർ റിസർച്ച് മൈക്രോസ്കോപ്പ്, ഡബിൾ ഡിസ്റ്റിലേഷൻ യൂണിറ്റ്, ടേബിൾ ടോപ്പ് സെൻട്രിഫീഗ്, സീൻ ഓഫ് ക്രൈം ലൈറ്റ്, ഹൈഡ്രോ കാർബൺ അനലൈസർ, ഇലക്ട്രോസ്റ്റാറ്റിക് ഇമേജ് ഡിറ്റക്ഷൻ അപ്പാരറ്റസ് തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. |
| ഡി | ഇനിയും എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ഡി | 2010 - 11 സാമ്പത്തിക വർഷത്തിൽ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി 176.50 ലക്ഷം രൂപ ഫോറൻസിക് ലബോറട്ടറിയുടെ നവീകരണത്തിനായി മാറ്റി വച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ബ്രെയിൻ ഫിംഗർ പ്രിന്റിംഗ് അനാലിസിസ് (1 കോടി) ആഡിയോ വീഡിയോ ഫോറൻസിക് അനാലിസിസ് ടൂൾ (50 ലക്ഷം) വാട്ടർ ബാത്ത് (3 ലക്ഷം), ഷെയ്ക്കിംഗ് വാട്ടർ ബാത്ത് (6 ലക്ഷം), ഡിജിറ്റൽ റിപ്രോവിറ്റ് യൂണിറ്റ് (5 ലക്ഷം), ട്രൈനോക്കുലർ റിസർച്ച് മൈക്രോസ്കോപ്പ് (10 ലക്ഷം), ബോറോസ്കോപ്പ് (1 ലക്ഷം), വിസ്ക്കോമീറ്റർ (1 ലക്ഷം), യു.വി. ചേംബർവിത്ത് ഐ പ്രൊട്ടക്ഷൻ (0.50 ലക്ഷം) എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ:56</u>

<u>30.06. 2010-ൽ മറുപടിക്ക്</u>

## <u>സമഗ്ര കടൽ സുരക്ഷാ പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. പി.വിശ്വംഭരൻ<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ. കെ.അജിത് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സമഗ്ര കടൽ സുരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി) യും സി) യും<br>1. കടൽ സുരക്ഷയും സുരക്ഷാ ബോധവൽക്കരണം<br>2. സീ സേഫ്റ്റി കിറ്റ് വിതരണം<br>3. തീരദേശ ജില്ലകളിൽ മത്സ്യവിജ്ഞാന കേന്ദ്രം രൂപീകരിക്കൽ. |
| സി) മത്സ്യത്തൊഴിലാളികളുടെ ജീവൻ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ; | സമഗ്ര കടൽ സുരക്ഷാ പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം, നീണ്ടകര, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ രക്ഷാപ്രവർത്തനം, കടൽ പട്രോളിംഗ് എന്നിവയ്ക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഓരോ ബോട്ട് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടി സ്റ്റേഷനുകളിൽ ഓരോ ജീപ്പും നൽകി കഴിഞ്ഞു. പുറമെ, സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ തീരദേശവാസികളായ ചെറുപ്പക്കാരായ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽസുരക്ഷാ സേന രൂപീകരിച്ചിട്ടുണ്ട്. കടൽ സുരക്ഷാസേനയിലെ ഓരോ ഗ്രൂപ്പിലും 10 പേരാണ് അംഗങ്ങളായിട്ടുള്ളത്. ഇവരിൽ 60 പേർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന സ്ഥാപനത്തിൽ നിന്നും കടൽ രക്ഷാപ്രവർത്തനം, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. . പുറംകടലിൽ മത്സ്യബന്ധനത്തിന് പോകുന്ന പരമ്പരാഗത വള്ളങ്ങൾക്കും മറ്റ് |

ബോർഡ് ലൈസൻസ് ലഭിച്ചിട്ടുള്ള തൊഴിലാളികൾക്കും കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തുവരുന്നു. 7262 യൂണിറ്റുകൾക്ക് ഇത് വിതരണം ചെയ്യുന്നുണ്ട്. ഷാർക്ക് ആന്റി ഡോട്ട് ബോക്സ്, ലൈഫ്ബോയ്, ഹീലിയോഗ്രാഫ്, സർവൈവൽ ഷീറ്റ്, റഡാർ റിഫ്ലക്ടർ, കോമ്പസ്, എമർജൻസി സ്ട്രോബ്ലൈറ്റ്, ഡൈമാർക്കർ, ഫസ്റ്റ്എയ്ഡ് കിറ്റ്, വെള്ളം ശേഖരിക്കുന്നതിനുള്ള കന്നാസ് എന്നീ ഉപകരണങ്ങൾ സുരക്ഷാ കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സീസേഫ്റ്റി കിറ്റിലെ അത്യാവശ്യ സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗവും സുരക്ഷിത മത്സ്യബന്ധനത്തിനു അനുവർത്തിക്കേണ്ട മാർഗങ്ങളും സംബന്ധിച്ച് തൊഴിലാളികൾക്ക് മനസ്സിലാകുന്ന വിധത്തിൽ ഫിഷറീസ് വകുപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

തീരദേശജില്ലകളിലെ മത്സ്യവിജ്ഞാന കേന്ദ്രങ്ങൾവഴി ഉപഗ്രഹാധിഷ്ഠിതം ഉപയോഗപ്പെടുത്തി പ്രതികൂല കാലാവസ്ഥ, പ്രകൃതിക്ഷോഭങ്ങൾ, മത്സ്യസമ്പത്തിന്റെ ലഭ്യത (പൊട്ടൻഷ്യൽ ഫിഷിംഗ് സോൺ) എന്നിവ സംബന്ധിച്ച വിവരങ്ങൾ മത്സ്യത്തൊഴിലാളി സമൂഹത്തിലെത്തിക്കുന്ന തരത്തിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

| | |
|---|---|
| vi) സംസ്ഥാനത്ത് ഇപ്പോൾ എത്ര കടൽസുരക്ഷാ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്? | സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി 9 സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 57. 30.06.2010 ൽ മറുപടിയ്ക്ക്

**നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി അന്വേഷിക്കുന്ന കേസുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. എൻ. ശക്തൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്തു നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങൾ സംബന്ധിച്ച കേസുകൾ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി (NIA) - യെ അറിയിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | എ) NIA ആക്ട് സെക്ഷൻ 6 പ്രകാരം ടി ആക്ടിലെ സെക്ഷൻ 2(1) (f) പട്ടികയിൽ പറയുന്ന കുറ്റകൃത്യങ്ങൾ നടന്നാൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ അതിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് ആയതിന്റെ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് നൽകണമെന്നും, സംസ്ഥാന സർക്കാർ ടി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് അയയ്ക്കണമെന്നും നിഷ്കർഷിക്കുന്നു. |
| ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളത്; | ബി) NIA ആക്ട് സെക്ഷൻ 6 പ്രകാരം ടി ആക്ടിലെ സെക്ഷൻ 2(1) (f) പട്ടികയിൽ പറയുന്ന കുറ്റകൃത്യങ്ങൾ നടന്നാൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ അതിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് ആയതിന്റെ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് നൽകണമെന്നും, സംസ്ഥാന സർക്കാർ ടി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് അയയ്ക്കണമെന്നും നിഷ്കർഷിക്കുന്നു. കേന്ദ്ര സർക്കാർ ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ടിന്മേൽ ടി കേസ്സ് NIA അന്വേഷിക്കേണ്ടതാണോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നു. |

സി) എൻ.ഐ.എ രൂപീകൃതമായശേഷം സംസ്ഥാനത്തെ ഏതെല്ലാം തീവ്രവാദ കേസുകളാണ് പ്രസ്തുത ഏജൻസിക്കു കൈമാറിയത്?

സി) താഴെപ്പറയുന്ന 6 കേസ്സുകളാണ് NIA യ്ക്ക് കൈമാറിയിട്ടുള്ളത്.

1) ക്രൈം. നം. 257/08 മുണ്ടക്കയം പോലീസ് സ്റ്റേഷൻ.
2) ക്രൈം. നം. 159/06 ബിനാനിപുരം പോലീസ് സ്റ്റേഷൻ.
3) ക്രൈം. നം. 356/08 എടക്കാട് പോലീസ് സ്റ്റേഷൻ.
4) ക്രൈം. നം. 469/05 കളമശ്ശേരി പോലീസ് സ്റ്റേഷൻ.
5) ക്രൈം. നം. 80/06 കസബ പോലീസ് സ്റ്റേഷൻ.
6) ക്രൈം. നം. 81/06 നടക്കാവ് പോലീസ് സ്റ്റേഷൻ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 58 — 30/06/2010-ലെ മറുപടിയ്ക്ക്

## പഴക്കംചെന്ന കെട്ടിടങ്ങളുടെ കണക്കെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ. എം. ഉമ്മർ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പഴക്കം ചെന്ന കെട്ടിടങ്ങളുടെ കണക്കെടുപ്പ് നടത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പഴക്കം ചെന്ന കെട്ടിടങ്ങളുടെ കണക്കെടുപ്പ് നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ പഴക്കം അടിസ്ഥാനപ്പെടുത്തി കണക്കെടുപ്പ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ്. |
| (ബി) പഴയ കെട്ടിടങ്ങളുടെ സുരക്ഷ കൂടി കണക്കിലെടുത്ത് പുതിയ കെട്ടിട നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) ഉണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | നിലവിലുള്ള പഴയ കെട്ടിടങ്ങളുടെ മുകളിൽ നിർമ്മാണം നടത്തുമ്പോൾ, നിലവിലുള്ള കെട്ടിടത്തിന് സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉണ്ടോ എന്നു പരിശോധിച്ചശേഷം മാത്രം നിർമ്മാണം അനുവദിക്കുന്ന വിഷയവും, പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്ന സമയത്ത് പണിയുടെ മേൽനോട്ടം വഹിക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള വ്യക്തികളെ ചുമതലപ്പെടുത്തുന്ന കാര്യവും, നിർമ്മാണം നടത്തുമ്പോൾ പാലിക്കേണ്ട മുൻ കരുതലുകൾ എന്തെല്ലാമായിരിക്കണം എന്നിവയും ആണ് പരിഷ്ക്കരണത്തിനായി പ്രധാനമായും ഇപ്പോൾ പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 59

30-6-2010 ൽ
മറുപടിയ്ക്ക്

## വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനായി സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ഉത്തരം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|
| എ) കഴിഞ്ഞവർഷം സംസ്ഥാനത്ത് എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്; ഏകദേശം 8.38% കുറവുണ്ടായതായി കണക്കാക്കുന്നു. |
| ബി) ഇതിനുള്ള കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | ബി) ഉണ്ട്; ആഗോള സാമ്പത്തിക മാന്ദ്യം, മുംബൈ തീവ്രവാദ ആക്രമണം എന്നിവമൂലം വിദേശരാജ്യങ്ങളിൽ ഉണ്ടായ പ്രതികൂല സാഹചര്യങ്ങൾ വിദേശ സഞ്ചാരികളുടെ വരവിൽ കുറവുണ്ടാകാൻ ഇടയാക്കി. |
| സി) ഈ കുറവ് ടൂറിസത്തിലൂടെയുള്ള വിദേശവരുമാനത്തെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) വരുമാനം സംബന്ധിച്ച വിശദമായ വിവരങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. |

| | | | |
|---|---|---|---|
| ഡി) | ഇതിന്റെ പശ്ചാത്തലത്തിൽ ഈ വർഷം കൂടുതൽ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനായി ടൂറിസം വകുപ്പ് എന്തെങ്കിലും നൂതന സംരംഭത്തിന് തുടക്കം കുറിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | സി) | വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര മേഖലകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്ത് പ്രചാരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്കാൻഡിനേവിയൻ രാജ്യങ്ങളിലും ഇംഗ്ളണ്ടിലും നൂതനമായ രീതിയിൽ റോഡ്ഷോകൾ സംഘടിപ്പിക്കുവാനും ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ അന്താരാഷ്ട്ര ടൂറിസ്റ്റുകളുടെ കേരളത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇംഗ്ളണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെ കുറിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനായി ട്രെയിനിംഗ് പ്രോഗ്രാം ഇംഗ്ളണ്ടിൽ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60 30-06-2010- ൽ മറുപടിയ്ക്ക്

## തീരമൈത്രി പദ്ധതി

ചോദ്യം

ശ്രീ.എ.കെ.ചന്ദ്രൻ :

ശ്രീ.ബാബു പോൾ :

ശ്രീ.പി.തിലോത്തമൻ :

ശ്രീ.കെ.രാജു :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് തീരമൈത്രി പദ്ധതി എന്നുമുതലാണ് ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) സുനാമി അടിയന്തിര സഹായ പദ്ധതി, സുനാമി പുനരധിവാസ പദ്ധതി, പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധി എന്നീ പദ്ധതികൾ മുഖേന നടപ്പിലാക്കുന്ന ജീവനോപാധി പദ്ധതികളുടെ പൊതു പേരാണ് തീരമൈത്രി. ഇതിൽ സുനാമി അടിയന്തര സഹായ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് 2005 ജൂൺ മാസത്തിലാണ്. |
| (ബി) ഈ പദ്ധതി പ്രകാരം മത്സ്യമേഖലയ്ക്കുവേണ്ടി എത്ര തുക ലഭിച്ചു. ഈ തുക ഏതെല്ലാം ഇനങ്ങൾക്കായി എത്ര വീതം ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ 45.25 കോടി രൂപയും, സുനാമി പുനരധിവാസ പദ്ധതിയിൽ 23.29 കോടി രൂപയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 21.21 കോടി രൂപയും ഫിഷറീസ് വകുപ്പിന് ലഭിച്ചു. സുനാമി അടിയന്തിര സഹായ പദ്ധതിയിൽ 45.25 കോടിരൂപയും സുനാമി പുനരധിവാസ പദ്ധതിയിൽ 31.5.10 വരെ 12.64 കോടി രൂപയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 31.5.10 വരെ |

| | |
|---|---|
| | 10.34 കോടി രൂപയും ചെലവഴിച്ചു. ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) സീഫുഡ് കിച്ചണുകൾ ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ പ്രവർത്തനരീതിയും ഇതുകൊണ്ട് മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (സി) സുനാമി അടിയന്തിര സഹായ പദ്ധതി (TEAP) പ്രകാരം ആരംഭിച്ച 10 സീ ഫുഡ് കിച്ചണുകളിൽ 7 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മത്സ്യം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ അർക്കി വില്ക്കുന്നതിനും അതുവഴി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പരമാവധി ലാഭം ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതിയിൽ ഊന്നൽ നല്കിയിട്ടുള്ളത്. കൊച്ചിയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻറഗ്രേറ്റഡ് ഫിഷറീസ് പ്രോജക്റ്റിൻെറ സാങ്കേതിക സഹായത്തോടെ മത്സ്യഫെഡ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 10 വനിതകൾ വീതം അടങ്ങുന്ന ആക്ടിവിറ്റി ഗ്രൂപ്പുകളാണ് ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നത്. |
| (ഡി) തീരമൈത്രി പദ്ധതിയുടെ ഗുണം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) തീരമൈത്രി പദ്ധതി വഴി ഏകദേശം ഒരു ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സുനാമി അടിയന്തിര സഹായ പദ്ധതി, സുനാമി പുനരധിവാസ പദ്ധതി, പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നിവ പ്രകാരം 60 പദ്ധതികളിലായാണ് വിവിധ സഹായങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. 7262 വള്ളങ്ങൾക്ക് കടൽ സുരക്ഷ കിറ്റുകൾ ലഭ്യമാക്കുന്ന കടൽ സുരക്ഷാ പദ്ധതി, 15,000 പീലിംഗ് തൊഴിലാളികൾക്ക് പ്രവർത്തന മൂലധനം, 35,000 |

| | |
|---|---|
| | മത്സ്യബന്ധന തൊഴിലാളികൾക്ക് പ്രവർത്തന മൂലധനം, 8000 വനിതാ സംരംഭകർക്ക് ചെറു തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായം, 5000 വനിതാ മത്സ്യക്കച്ചവടക്കാർക്ക് ധനസഹായം തുടങ്ങിയവയാണ് ഇതിൽ പ്രധാനപ്പെട്ടവ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# TSUNAMI REHABILITATION PROGRAMME
## PROJECT IMPLEMENTATION UNIT, DEPARTMENT OF FISHERIES
### SUB PROJECT WISE PHYSICAL AND FINANCIAL STATUS

| Sl No | Name of Sub Project | Achievement till date |
|---|---|---|
| 1 | Repair and Replacement of Marine Fishing input | 147.88 |
| 2 | Vehicle for Fresh Fish Marketing | 34.83 |
| 3 | Introduction of LPG Kit for Out Boat Motors | 4.42 |
| 4 | Providing vehicle for transportation (Vanitha Bus) | 56.45 |
| 5 | OBM Repairing Unit | 2.34 |
| 6 | Insulated Vehicle | 32.10 |
| 7 | Artificial Reef | 83.36 |
| 8 | Depuration of Bivalves | 20.90 |
| 9 | Rural Marketing Executives | 82.31 |
| 10 | Vettiver Grass Cultivation, Thrissur | 8.13 |
| 11 | Vettiver Grass Cultivation, Malappuram | 5.59 |
| 12 | Rice cum Shrimp Farming | 57.70 |
| 13 | Repair and Replacement of Inland Fishing input | 24.91 |
| 14 | Dry Fish Complex | 55.76 |
| 15 | Community Resource Centre, Vellayil, Kozhikode | 47.87 |
| 16 | Cluster Production Centre, Njarakkal, EKM | 17.83 |
| 17 | IEC, Capacity Building | 13.17 |
| 18 | Field Level Implementation Support | 7.86 |
| 19 | Kadal Suraksha | 137.45 |
| 20 | Early Warning and Sea Safety Kits | 347.55 |
| | ***Sub Total (old)(A)*** | ***1188.41*** |

| Sl No | Name of Sub Project | Achievement till date |
|---|---|---|
| *Projects Implemented Under TRP and Transferred to TEAP-Remaining Project Components* | | |
| 1 | Mussels/Clam Pickle Unit | 1.80 |
| 2 | Hand made Toiletries | 1.01 |
| 3 | Development of Micro Enterprises | 57.22 |
| 4 | Revolving Fund for Working Assistance to Peeling Workers | 7.41 |
| 5 | IT Kiosks | - |
| | ***Sub Total (old)(B)*** | ***67.44*** |
| 1 | Sustainability Plan | 1.96 |
| 2 | Working Capital for Revolving Fund | 0.00 |
| 3 | Equipping CRC Alappad | 0.00 |
| 4 | Equipping CPC Alappad | 0.00 |
| 5 | Equipping CPC Arattupuzha | 0.00 |
| 6 | Equipping CPC Mararikkulam | 0.00 |
| 7 | Kadal Suraksha Boat | 0.00 |
| 8 | Assistance to women fish vendors for fish marketing | 0.00 |
| 9 | Goods carrier Vehicle SAAF | 6.25 |
| | ***Sub Total C*** | ***8.21*** |
| | **Grand Total (A+B+C)** | **1264.06** |

**TSUNAMI EMERGENCY ASSISTANCE PROJECT**
**PROJECT IMPLEMENTATION UNIT, DEPARTMENT OF FISHERIES**
**SUB PROJECT ~~WISE PHYSICAL~~ AND FINANCIAL STATUS**

| Sl No | Name of Sub Project | Achievement till date |
|---|---|---|
| 1 | Retroactive Financing | **803.21** |
| 2 | Vehicle for fish marketing | **516.27** |
| 3 | Sea food kitchen | **44.99** |
| 4 | Working capital for revolving fund<br>a. for men (Rs3000)<br>b. women(Rs2000) | **854.32** |
| 5 | Fish kiosk | **110.72** |
| 6 | Mussel farming | **48.79** |
| 7 | Dressed /dry fish unit | **33.95** |
| 8 | Development of Micro Enterprises | **520.48** |
| 9 | Ornamental fish production unit | **29.90** |
| 10 | Training of master resource persons | **11.06** |
| 11 | IEC/capacity building | **47.15** |
| 12 | Community resource centre & Cluster Production center-Alappad | **89.63** |
| 13 | Cluster production center-Arattupuzha | **49.29** |
| 14 | Cluster production center-Mararikulam | **41.99** |
| 15 | Establishment of Supermarket | **229.16** |
| 16 | IT Kiosk | **36.86** |
| 17 | Branding & marketing | **17.97** |
| 18 | Field level implementation Support | **104.84** |
| 19 | Risk mitigation- sea safety | **38.89** |
| 20 | Risk mitigation- insurance | **2.40** |
| 21 | Fish silage | **0.17** |
| 22 | Revolving Fund for Working Capital for Peeling Workers | **70.04** |
| 23 | Revolving Fund for Working Assistance to Peeling Workers | **219.82** |
| 24 | Development of Micro Enterprises | **431.47** |
| 25 | Mussels/Clam Pickle Unit | **69.34** |
| 26 | IT Kiosks | **36.13** |
| 27 | Hand made Toiletries | **66.08** |
| | **TOTAL** | **4524.92** |

## PRIME MINISTERS NATIONAL RELIEF FUND
## PROJECT IMPLEMENTATION UNIT, DEPARTMENT OF FISHERIES SUB PROJECT WISE PHYSICAL AND FINANCIAL STATUS

| Sl. No. | Name of Sub Project | Achievement till date |
|---|---|---|
| 1 | Development of Micro Enterprises | 40,470,458 |
| 2 | Assistance to Women Fish Vendors for fish marketing | 9,341,556 |
| 3 | Sea Safety | 30,172,786 |
| 4 | Sustainable Income Generation through Coir sector Interventions | 2,566,187 |
| 5 | Seed Production and Cage Culture of Brackishwater Fishes for for livelihood support | 20,886,115 |
| | **TOTAL** | **103,437,102** |